# പുതിയ വെളിച്ചം

സി. പി. ദേവസ്സി

1187

JAWAHAR SMARAKA GRANDHASALA
Reg. No. 3273
KIDARAKKUZHI, VENGANOOR P.O.

# പുതിയ വെളിച്ചം

[Malayalam]

(1183)

# PUTHIYA VELICHAM

(PLAY)

BY

C. P. DEVASSY, M. A.

First Impression September 1958

RIGHTS RESERVED

PUBLISHED BY THE AUTHOR

DISTRIBUTORS

NATIONAL BOOKSTALL

KOTTAYAM KERALA STATE

Re. 1

# പുതിയ വെളിച്ചം

സി. പി. ദേവസ്സി, എം. എ.

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക.80 ന. പ.

Printed at Assissi Press, Quilon. Copies 1000

# പുതിയ വെളിച്ചം

JAWAHAR SMARAKA GRANDHASALA
Reg; No. 3273
KIDARAKKUZHI, VENGANOOR

എനിക്കു പറയുവാനുള്ളത്

ഭാരത് സേവക് സമാജത്തിന്റെ വാർഷിക മഹോത്സവം സംബന്ധിച്ച് ഫാത്തിമാ കോളേജിലെ വിദ്യാർത്ഥികൾക്ക് അഭിനയിക്കുവാൻ എഴുതിയതാണ് ഈ നാടകം. അന്നു ഈ നാടകം കണ്ട പലരുടെയും അഭിനന്ദനവും പ്രേരണയുമാണ് ഇതു പുസ്തകരൂപത്തിൽ പുറത്തുവരുവാൻ കാരണം. പ്രായവും പരിചയവും പേരും പെരുമയുമില്ലാത്ത അഭിഭാഷകർ അനുഭവിക്കുന്ന യാതനകളും വേദനകളുമാണ് ഈ നാടകമെഴുതുവാൻ എനിക്കു പ്രചോദനം നല്കിയതു്. അഭിഭാഷകവൃത്തിയെ അപഹസിക്കണമെന്ന് ഞാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അതിനാൽ എന്റെ ഈ സദുദ്യമത്തെ അഭിഭാഷകസുഹൃത്തുക്കളും സന്മനോഭാവത്തോടെ സ്വാഗതം ചെയ്യുമെന്നു പ്രത്യാശിക്കുന്നു.

ഫാത്തിമാ കോളേജ്,
കൊല്ലം, 15—8—58

സി. പി. ദേവസ്സി.

# കഥാപാത്രങ്ങൾ

---

| | |
|---|---|
| കിട്ടുണ്ണിമേനോൻ: | കാൎയ്യപ്രാപ്തിയില്ലാത്ത ഒരു വക്കീൽ. |
| മീനാക്ഷി: | വക്കീലിൻെറ ഭാൎയ്യ. ബുദ്ധിമതിയും പ്രഗത്ഭയുമായ ഒരു സ്ത്രീ. |
| മാധവിക്കുട്ടി: | മീനാക്ഷിയുടെ അനിയത്തി. പാഠിപ്പും പരിഷ്കാരവും വാചാലതയുമുള്ള ഒരു യുവതി. |
| പരമുപിള്ള: | വക്കീലിൻെറ ഗുമസ്തൻ. |
| ഡോ. രാമൻമേനോൻ: | വക്കീലിൻെറ തെക്കേവീട്ടിൽ താമസിക്കുന്ന ഡോക്ടർ. |
| ഭാസ്കർ: | അഖിലലോക സോഷ്യലിസ്റ്റ് പാർട്ടിയുടെ മണ്ഡലം പ്രസിഡൻറ്. |
| ശേഖർ: | അ. ലോ. സ. പി.യുടെ സെക്രട്ടറി. |
| അച്ച്യുതമേനോൻ: | സോഷ്യൽ സൎവ്വീസ് ലീഗു പ്രസിഡൻറ്. |
| തങ്കപ്പൻ: | ലീഗുസെക്രട്ടറി! |
| പെയിൻററർ: | |

## രംഗം ഒന്നു്

(കിട്ടുണ്ണിമേനോൻെറ ഓഫീസ്സ്: മുൻവശത്തു് 'കരിക്കോട്ട കിട്ടുണ്ണി മേനോൻ, വക്കീൽ' എന്നെഴുതിയ ഒരു പഴയ ബോർഡു്. വില കുറഞ്ഞതരം ഒരു മേശയും മൂന്നു കസേരകളും. ഒരററത്തു ഒരു ഡെസ്കും ഒരു ബഞ്ചും. ഒരു മുഷിഞ്ഞ മുണ്ടും ജൂബയും ധരിച്ച വക്കീൽ ഓഫീസിൽ ഇരിക്കുന്നു.)

വക്കീൽ:—(റോഡിലേക്കു നോക്കിയിട്ടു്.) ഇന്നും കക്ഷികളാരേയും കാണുന്നില്ലല്ലൊ. ഇതെന്തൊരു ദുർവ്വിധി! ഇനി എൻെറ വീട്ടിൽനിന്നു ആരെയും ഈ നശിച്ച വക്കീൽ പണിക്കു് ഞാൻ വിടില്ല:

(ഒരു വരയൻ ഷർട്ടും ചരടുകൊണ്ടു് കെട്ടിയ കണ്ണടയും വെച്ച ഗുമസ്തൻ പരമുപിള്ള പ്രവേശിക്കുന്നു.)

വക്കീൽ:—എന്താ പരമുപിള്ളെ? കക്ഷികളാരും കൂടെയില്ലേ? പിള്ള കക്ഷികളെ പിടിക്കുവാൻ ശ്രമിക്കുന്നില്ല.

പരമുപിള്ള:—ഞാൻ വഴിയിൽകണ്ട സകലരോടും പറഞ്ഞു. തല്ക്കാലം ഫീസു തരേണ്ടയെന്നുകൂടി പറഞ്ഞു. ഇന്നാരെങ്കിലും വരാതിരിക്കുകയില്ല:

(കാലൊച്ച കേട്ടിട്ട്)

ഇതാ നോക്കൂ. എൻെറ നാക്കു കരിനാക്കാണ്.

(അച്ചുതമേനോനും തങ്കപ്പനും പ്രവേശിക്കുന്നു. അവരുടെ കയ്യിൽ പലതരത്തിലുള്ള ടിക്കററുകൾ ഉണ്ട്.)

വക്കീൽ:—(പുഞ്ചിരിയോടുകൂടി) വരണം. ഇരിക്കൂ. നിങ്ങൾ? അന്യായക്കാരോ? പ്രതികളോ?

(ആഗതർ പരിഭ്രമത്തോടെ അന്യോന്യം നോക്കുന്നു.)

പരമുപിള്ള:—സംശയിക്കേണ്ട. വക്കീൽസാർ ഏതു കേസും വീറോടെ വാദിക്കുന്നതാണ്. ഇതുവരെയും ഒരു കേസ്സിലും അദ്ദേഹത്തിൻെറ കക്ഷികൾ തോററിട്ടില്ല.

അച്ചുതമേനോൻ:—ഞങ്ങൾ അന്യായക്കാരും പ്രതികളുമൊന്നുമല്ല. ഞങ്ങൾ സോഷ്യൽ സർവ്വീസ് ലീഗു അംഗങ്ങളാണ്.

(ഒരു കേസ്സെങ്കിലും കിട്ടിയെന്നുള്ള ആശയും തകർന്നതിനാൽ വക്കീൽ നെടുവീർപ്പിടുന്നു.)

വക്കീൽ:—(സന്തോഷഭാവത്തോടെ) സോഷ്യൽ സർവ്വീസ് എനിക്കു് ഏററവും ഇഷ്ടമുള്ള ഒരു പ്രസ്ഥാനമാണ്. ഞാൻ കോളേജിൽ പഠിച്ചിരുന്ന കാലത്തു് കോളേജിലെ ലിഗിൻെറ സെക്രട്ടറി ഞാൻ ആയിരുന്നു.

തങ്കപ്പൻ:—ഞങ്ങളുടെ പ്രസ്ഥാനത്തോടു ഇത്ര അനുഭാവമുള്ള ഒരാളെ പരിചയപ്പെടാൻ ഇടയായതിൽ ഞങ്ങൾക്കത്യന്തം സന്തോഷമുണ്ട്. നിങ്ങളെപ്പോലെ മഹാമനസ്കതയുള്ളവരുടെ സഹായവും സഹകരണവുമാണ് ഞങ്ങൾക്കാവശ്യം.

വക്കീൽ:—ഇപ്പോൾ കേസ്സ് വളരെയധികമുള്ള സമയമാണ്. അതിനാൽ നിങ്ങളുടെ സംരംഭങ്ങളിൽ പങ്കെടുക്കുവാൻ തല്ക്കാലം സമയമില്ല. കോടതി പൂട്ടിയാൽ നിങ്ങൾക്കു ഞാൻ സകല സഹായങ്ങളും ചെയ്യാം.

പരമുപിള്ള:—വക്കീലദ്ദേഹത്തിനു ക്ലബ്ബിൽ പോകാനുംകൂടി സമയമില്ല.

അച്ചുതമേനോൻ:—ഞങ്ങൾ ഇപ്പോൾ സാധുക്കളായ വിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണവും ഫീസ്സും കൊടുക്കാനാണ് ഉദ്ദേശിക്കുന്നതു്. അതിനു ഒരു ഫണ്ടുണ്ടാക്കുവാൻ ചില കലാപ്രകടനങ്ങൾ നടത്തുന്നുണ്ടു്. അതിൻെറ ഒരു ടിക്കററെടുത്തു തല്ക്കാലം സഹായിച്ചാൽ മതി.

(ഇരുപത്തിയഞ്ചു രൂപയുടെയും പതിനഞ്ചു രൂപയുടെയും ടിക്കററുകൾ കാണിക്കുന്നു. പരമുപിള്ള ഇതൊരു പാഴ്‌വേലയാണെന്നുള്ള മട്ടിൽ തലയാട്ടുന്നു. വക്കീൽ ടിക്കററിൻെറ വില കണ്ടു് ഞെട്ടുന്നു.)

വക്കീൽ:—(അല്പം ആലോചിച്ചിട്ടു്) ഇത്തരം കലാപ്രകടനങ്ങൾ വെറും കലാഭാസങ്ങളായിട്ടാണ് കണ്ടുവരുന്നതു്. അതുകൊണ്ടു് അവയെ പ്രോത്സാഹിപ്പിക്കുന്നതു് ഒരു മഹാ പാപമായിട്ടാണ് ഞാൻ കരുതുന്നതു്. കൂടാതെ ഈ മാതിരിയുള്ള സർവ്വീസ്സലീഗുകൾ തന്നാത്താൻ പണമുണ്ടാക്കണം.

(തങ്കപ്പൻ രണ്ടു രൂപയുടെയും ഒരു രൂപയുടെയും ടിക്കററുകൾ കൊടുക്കുന്നു.)

തങ്കപ്പൻ:—എന്നാൽ ഇതിലൊരെണ്ണമെങ്കിലുമെടുത്താലും.

പരമുപിള്ള:—വക്കീൽസാറിനു പണം പുല്ലാണ്. അദ്ദേഹത്തിനു ചില തത്വങ്ങളുണ്ടു്. അതിനെതിരായി അദ്ദേഹം പ്രവൎത്തിക്കുന്നതല്ല.

വക്കീൽ:—നിങ്ങളുടെ ലീഗിനോടു എനിക്കു വലിയ അനുഭാവമുണ്ടു്. പക്ഷെ ഇത്തരം പണപ്പിരിവുകൾക്കു് ഞാൻ തീരെ എതിരാണ്.

അച്ചുതമേനോൻ:—പണമില്ലാതെ എങ്ങനെയാണ് സാധുവിദ്യാൎത്ഥികളെ സഹായിക്കുക?

വക്കീൽ:—ലീഗംഗങ്ങൾ തന്നെ അതിനുള്ള പോംവഴി കണ്ടെത്തണം. Self help is the best help എന്നു കേട്ടിട്ടില്ലേ?

തങ്കപ്പൻ.—(പുച്ഛസ്വരത്തിൽ) അങ്ങയുടെ വിലയേറിയ വേദാന്തത്തിനു വിദൂരനമസ്കാരം!

(അച്ചുതമേനോനും തങ്കപ്പനും സ്റ്റേജിൻെറ ഒരററത്തേക്കു നീങ്ങിനിന്നു പതുക്കെ സംസാരിക്കുന്നു.)

അച്ചുതമേനോൻ:—ആ പാവത്തിൻെറ കയ്യിൽ പണമില്ലാഞ്ഞിട്ടായിരിക്കാം ഇത്തരം ഒഴിവു കഴിവുകൾ പറഞ്ഞതു്.

തങ്കപ്പൻ:—എന്നാൽ അതു തുറന്നു പറഞ്ഞാൽ പോരേ? ഈ വേദാന്തമെല്ലാം പുലമ്പണോ?

അച്ചുതമേനോൻ:—കയ്യിൽ കാശില്ലെന്നു പറയാൻ ആത്മാഭിമാനം അനുവദിക്കുമോ?

തങ്കപ്പൻ:—ഈ ദുരഭിമാനം കാരണമാണ് പട്ടിണി കിടക്കേണ്ടി വരുന്നതു്. വരൂ. നമുക്ക് അടുത്ത വീട്ടിൽ പോകാം.

(രണ്ടുപേരും പോകുന്നു)

വക്കീൽ:—ഇവിടെ ഒരു പാക്കററ് സിഗററിനുംകൂടി കാശില്ലാതിരിക്കുമ്പോൾ ഇരുപത്തഞ്ചു രൂപയുടെ ടിക്കററെടുക്കണംപോലും! എന്താ പരമുപിള്ളേ! എന്റെ സൂത്രം ഫലിച്ചില്ലേ?

പരമുപിള്ള:—സാറിന്റെ തത്വശാസ്ത്രവും വാചാലതയും അവരെ മയക്കിക്കളഞ്ഞു. ഞാൻ കരുതി, ഒരു രൂപയെങ്കിലും കൊടുക്കേണ്ടി വരുമെന്നു്.

വക്കീൽ:—ഈ വാചാലതയൊക്കെയുണ്ടായിട്ടെന്തു കാര്യം? ഒരു കേസെങ്കിലും കിട്ടുന്നില്ലല്ലോ? പരമുപിള്ളയുടെ canvassing മോശമായിട്ടായിരിക്കണം കേസു കിട്ടാത്തതു്. അല്ലെങ്കിൽ പിന്നെ കക്ഷികൾ ഇങ്ങോട്ടു വരാത്തതെന്താണ്?

പരമുപിള്ള:—ഞാൻ പല വ്യവഹാര കാര്യസ്ഥന്മാരുമായി ഇക്കാര്യത്തെപ്പററി സംസാരിച്ചു. മിക്കവരുടെയും അഭിപ്രായം........

(അയാൾ പരുങ്ങുന്നു)

വക്കീൽ:—(ആകാംക്ഷയോടെ) അവരുടെ അഭിപ്രായം? പറയൂ എന്താണെന്നു്.

പരമുപിള്ള:—സാറ് കോപിക്കരുതു്. സാറിന്റെ.........

(പറയാൻ മടിക്കുന്നു)

വക്കീൽ:—പറയൂ. ഒന്നുകൊണ്ടും മടിക്കേണ്ട. എന്താണ് കാരണം?

പരമുപിള്ള:—സാറിൻെറ പേരും ആപ്പീസും കണ്ടാൽ ഒരു കുഞ്ഞു കേറി വരില്ലത്രേ.

വക്കീൽ:—പേരിലാണോ കാര്യം? Shakespeare തന്നെ പറഞ്ഞിട്ടില്ലേ? What is in a name?

പരമുപിള്ള:—ആരു്? ഷേക്സ്-പീയറോ? (ആലോചിച്ചിട്ടു് പുച്ഛരസത്തിൽ) വല്ല കുന്തം കുല്യക്കികൾ പറയുന്നതു സാറല്ലാതെ വല്ലവരും വിശ്വസിക്കുമോ? നമ്മുടെ വക്കീൽ കെ. പി. മേനോൻ ഇല്ലേ? അദ്ദേഹത്തിൻെറ ആദ്യത്തെ പേരു "കോമ്പാറ പങ്കുണ്ണി"മേനോനെന്നായിരുന്നു. ആക്കാലത്തു ഒരീച്ചയും കൂടി ആ പടി കേറിച്ചെന്നിരുന്നില്ല. ഇപ്പോൾ കക്ഷികളുടെ ബഹളമാണു്.

(മീനാക്ഷി പ്രവേശിക്കുന്നു. നാടൻവേഷവും മേൽമുണ്ടും)

വക്കീൽ:—മീനാക്ഷി. പരമുപിള്ള പറയുന്നതു കേട്ടോ? എൻെറ പേരിനു പരിഷ്കാരം പോരെന്നു!

മീനാക്ഷി:—വാസ്തവം തന്നെ. എനിക്കതു പണ്ടേ തോന്നിയതാണു്. ഈ ഇരുപതാംനൂററാണ്ടിൽ വല്ലവരും കിട്ടുണ്ണി, വേലുണ്ണി എന്നൊക്കെ പേരിടുമോ?

വക്കീൽ.—എന്നാൽ എങ്ങനെയാണു് പേരു പരിഷ്കരിക്കേണ്ടതു്?

പരമുപിള്ള:—(ആലോചിച്ചിട്ടു) കെ. കെ. മേനോൻ എന്നായാലെന്താ?

മീനാക്ഷി:—നല്ല പേരായി. പണ്ടത്തെ പേരിൽ മാററവും വന്നിട്ടില്ല. (ആലോചിച്ചിട്ട്) പിന്നേ! എന്നെ ഇനി മീനാക്ഷി കാമാക്ഷിയെന്നൊന്നും വിളിക്കേണ്ട. കുമാരി മീനയെന്നാക്കാം. ഓമനപ്പേരായി 'മീന'യെന്നു വിളിച്ചാൽ മതി.

പരമുപിള്ള:—(തല ചൊറിഞ്ഞുകൊണ്ട്) എൻെറ പേരും.

വക്കീൽ:—പരമുപിള്ളയുടെ പേരും പരിഷ്കരിക്കണമോ?

പരമുപിള്ള:—എന്നെ ഇനി പരമുപിള്ള, പാച്ചൻപിള്ളയെന്നൊന്നും വിളിക്കേണ്ട. പി. പി. പിള്ളയെന്നു വിളിച്ചാൽകൊള്ളാം.

വക്കീൽ:—അപ്പോൾ ഈ ബോർഡു പററില്ലല്ലോ? വേറെ ഒരു ബോർഡു എഴുതിക്കണമല്ലോ.

മീനാക്ഷി:—നല്ല 'സ്റ്റൈയിൽ' ബോർഡു വേണം. ഇതൊരു പഴഞ്ചൻ ബോർഡാണ്.

പരമുപിള്ള:—ഒരു വലിയ ബോർഡു വേണം. എത്ര വലിയ ബോർഡാണോ അത്രയധികമായിരിക്കും വക്കീലിൻെറ പേരും പെരുമയും.

മീനാക്ഷി:—ഈ വക്കീൽ എന്ന പേരു പഴഞ്ചനല്ലേ? ഞാൻ പലരുടെയും ബോർഡിൽ 'അഡ്വക്കേററ്' എന്നോ മറേറാ കണ്ടിട്ടുണ്ടല്ലോ. അതു മതി. കുറച്ചു നീട്ടവുമുണ്ട്.

വക്കീൽ:—(ചിരിച്ചുകൊണ്ടു്) അട്വവാഗേററല്ല. Advocate എന്നാണു്: ശരി. അങ്ങനെയെഴുതാം. പിന്നെ വല്ലതും വേണോ മീനാക്ഷി?

(മീനാക്ഷി ദേഷ്യഭാവത്തോടെ നോക്കുന്നു.)

ഓ! തെററിപ്പോയി. മീന! മീന! ഇനിയെന്തൊക്കെയാണു് വേണ്ടതു്?

മീനാക്ഷി:—ചില ഡോക്ടർമാരുടെ ബോർഡിൽ കുറെയധികം കാര്യങ്ങൾ എഴുതി കാണാറുണ്ടല്ലോ?

പരമുപിള്ള:—സ്പെഷ്യലിസ്റ്റെന്നോ മറേറാ. നമുക്കും ചിലതൊക്കെ എഴുതണം. ഇപ്പോൾ എവിടെയും റിട്ടു, റിട്ടു എന്നു കേൾക്കുന്നുണ്ടല്ലോ?

വക്കീൽ:—കൊള്ളാം. writ specialist എന്നെഴുതാം.

പരമുപിള്ള:—ഒരു കാര്യം കൂടി. ഈ കച്ചോടക്കാരെല്ലാം എന്തോ ചില നികുതിയിൽ നിന്നൊഴിവായി കിട്ടാൻ വക്കീലന്മാരെകൊണ്ടു നടക്കുന്നുണ്ടല്ലോ?

വക്കീൽ—Sales tax-ൽ നിന്നൊഴിവായിക്കിട്ടാനായിരിക്കും. ശരി. Sales tax consultant എന്നു ചേക്കാം.

പരമുപിള്ള:—സെയിൽടാക്സു് ആപ്പീസർ എന്നല്ലേ നല്ലതു്?

വക്കീൽ.—അങ്ങനെയെഴുതാൻ പാടില്ല.

പരമുപിള്ള:—എന്നാൽ വേണ്ട. 'കൺസൽട്ടൻ' എന്നുതന്നെ മതി.

വക്കീൽ:—അപ്പോൾ പിള്ളേ! ബോർഡിൽ എഴുതേണ്ട കാര്യങ്ങളെല്ലാം എഴുതിയെടുക്കു.

(പിള്ള പേനയും കടലാസ്സും മഷിക്കുപ്പിയും എടുത്തുകൊണ്ടു വന്നു എഴുതുവാൻ തയ്യാറായി നില്ക്കുന്നു.)

വക്കീൽ:—ആദ്യത്തെ വരി K K Menon,

പരമുപിള്ള:—K. കഴിഞ്ഞിട്ടു കുത്തുവേണ്ടേ?

വക്കീൽ:—വേണം. തീർച്ചയായും വേണം.

പരമുപിള്ള:—Kകുത്തു. Kകുത്തു. Menon കുത്തു.

വക്കീൽ:—മേനോൻ കഴിഞ്ഞിട്ടു കുത്തിടേണ്ട.

പരമുപിള്ള.—ശരി. മേനോൻ. കുത്തില്ല.

വക്കീൽ:—രണ്ടാമത്തെ വരി B. Sc. B. L; മൂന്നാമത്തെ വരി Advocate. നാലാമത്തെ വരി Writ specialist.

(പിള്ള Retd specialist എന്നെഴുതുന്നു.) അതുകണ്ടിട്ട്

വക്കീൽ:—Retd specialist അല്ല. writ specialist. w. r. i. t. അഞ്ചാമത്തെ വരി Sales tax Consultant.

(Spelling പറഞ്ഞു കൊടുക്കുന്നു.)

മീനാക്ഷി:—പിന്നേ. ഞാൻ ചില ബോർഡിൽ ഒരു ചെറിയ പലകക്കഷണം വലിച്ചു നീക്കുന്നതു കണ്ടിട്ടുണ്ടല്ലോ?

വക്കീൽ.—എന്റെ മീനാക്ഷി. ശ്ശെ! മീന! മീന എന്തെല്ലാം നോക്കിയിരിക്കുന്നു! അതു 'IN-OUT'

എന്നാണ്. ശരി. അതും വെച്ചേക്കാം. പിന്നെ വല്ലതും വേണോ?

പരമുപിള്ള:—ബോർഡുമാത്രം മാററിയാൽ പോരാ. ഈ പഴഞ്ചൻ കസേരകളും മേശയും മാററി നല്ല കസേരകളും മേശയുമൊക്കെ വേണം.

മീനാക്ഷി:—ഞാൻ എത്ര നാളായി ഇതൊക്കെ മാററണമെന്നു പറയുന്നു? ഇതൊക്കെ കണ്ടാൽ ഒരു ബാർബർഷാപ്പു പോലെയിരിക്കുന്നു. അട്ടവാക്കേററിന്റെ അന്തസ്സിനു പററിയ സാമാനങ്ങളെല്ലാം വേണം.

പരമുപിള്ള:—വലിയ നിയമപുസ്തകങ്ങൾ കുറെയെങ്കിലും വേണം. (തല ചൊറിഞ്ഞുകൊണ്ടു്) ഈയുള്ളവനും ഒരു നല്ല മേശയും രണ്ടു കസേരകളെങ്കിലും......

വക്കീൽ.—(നെടുവീപ്പിട്ടുകൊണ്ടു്) ഇതിനെല്ലാം കൂടി ഒരു രണ്ടായിരം രൂപയെങ്കിലും വേണമല്ലോ? രണ്ടു കാശുപോലും കയ്യിലില്ല.

മീനാക്ഷി:—തല്ക്കാലം വല്ലവരുടെയും കയ്യിൽ നിന്നു കടം വാങ്ങണം. കേസു കിട്ടുമ്പോൾ തിരികെ കൊടുക്കാമല്ലോ. വേണമെങ്കിൽ പലിശയും കൊടുക്കാം.

വക്കീൽ.—കടം ചോദിക്കുന്നതുതന്നെ മാനക്കേടു അഥവാ ചോദിച്ചാൽതന്നെ, വല്ല പുരയിടമോ മറേറാ പണയം കൊടുക്കാതെ ആരും കടം തരില്ല.

പരമുപിള്ള:—അതു ശരിയാണു്. തക്കതായ ഉറപ്പു കൊടുക്കണം.

മീനാക്ഷി:—ഈ പുരയിടം തൊടാൻ പററില്ല. അതെൻെറയച്ഛൻ കഷ്ടപ്പെട്ടുണ്ടാക്കി തന്നതാണ്. അതു വെള്ളത്തിലാക്കാൻ ഞാൻ സമ്മതിക്കില്ല.

വക്കീൽ:—പിന്നെ എന്താണു വഴി? ഈ മാതിരി ഇരുന്നാൽ ഒരു കേസ്സും കിട്ടില്ല.

പരമുപിള്ള.— (തല ചൊറിഞ്ഞുകൊണ്ടു്) എനിക്കൊരുപായം തോന്നുന്നുണ്ടു്.

വക്കീലും മീനാക്ഷിയും:— (ഒരേസമയം) എന്തുപായമാണ്? വേഗം പറയൂ.

പരമുപിള്ള·— കൊ......ച്ചു......മ്മ വിചാരിച്ചാൽ........

മീനാക്ഷി:—(നീരസഭാവത്തിൽ) എന്തു? ഞാൻ വല്ലവരോടും കടം ചോദിക്കണമെന്നോ?

പരമുപിള്ള:—അല്ല! ഒരിക്കലുമല്ല. വേണ്ട. ഞാൻ പറയുന്നില്ല. വെറുതേ വല്ലവരുടേയും ദേഷ്യം സമ്പാദിച്ചിട്ടെന്തു കാര്യം?

വക്കീൽ:—മീനാക്ഷി! ഹെയ്! ഇപ്പോഴും ആ തെററു പററുന്നുണ്ടല്ലോ! മീന! എൻെറ ഓമന മീന ഒന്നു ദേഷ്യപ്പെടാതിരിക്കൂ. പിള്ള കാര്യം പറയട്ടെ. (പിള്ളയോടു) പറയൂ: എന്താണു വഴി?

പരമുപിള്ള:—(ഭയത്തോടെ) മാധവിക്കൊച്ചമ്മയുടെ പേരിൽ ബാങ്കിൽ........

മീനാക്ഷി:—കൊള്ളാം! കൊള്ളാം!! പാവം അച്ഛൻ മരിക്കാൻ കിടക്കുമ്പോൾ അവളുടെ കല്യാണ ആവശ്യത്തിന്ന എന്നെ ഏല്പിച്ചതാണ് ആ പണം. അതിന്റെ ഇതുവരെയുള്ള പലിശ ഇവിടത്തെ ആവശ്യത്തിന്ന പററിക്കഴിഞ്ഞു. ഇനി മുതല്യംകൂടിയെടുത്തു അവളെ വഴിയാധാരമാക്കണം അല്ലേ? അതു് ഈ ജന്മം സാദ്ധ്യമല്ല.

വക്കീൽ.—എന്റെ മീന ഇങ്ങനെ ദേഷ്യപ്പെട്ടാൽ മതിയോ? ഈ പണം കുറച്ചു നാൾക്കുള്ളിൽ അങ്ങു തിരിച്ചടക്കാമല്ലോ?

മീനാക്ഷി:—കുറച്ചുനാൾ! പത്തുകൊല്ലം കഴിഞ്ഞാൽ രണ്ടായിരംരൂപ സമ്പാദിക്കാൻ കഴിയുമോ?

പരമുപിള്ള:— കൊച്ചമ്മ തെററിദ്ധരിച്ചിരിക്കയാണ്. മദ്രാസിലെ കൃഷ്ണസ്വാമി അയ്യരെപ്പററി കേട്ടിട്ടുണ്ടോ? ഒരു ദിവസത്തെ ഹീയറിംഗിന്ന ആയിരംരൂപയാണ് ഫീസു്.

വക്കീൽ:—അങ്ങനെ പറഞ്ഞു കൊടുക്കൂ പിള്ളേ.

പരമുപിള്ള:—അതിന്റെ പത്തിലൊന്നെങ്കിലും നമുക്കു കിട്ടുമോ?

വക്കീൽ:—തീച്ച്യയായും.

പരമുപിള്ള:—അപ്പോൾ ഒരു മാസം ചുരുങ്ങിയതു രണ്ടായിരം രൂപയായില്ലേ?

വക്കീൽ:—രണ്ടായിരം വേണ്ട. ആയിരം കിട്ടുമെന്നു വെച്ചോ.

JAWAHAR SMARAKA GRANDHASALA
KIDARAKKUZHI, VENGANOOR P.O.
Regd. No. 3273

പരമുപിള്ള:—അപ്പോൾ രണ്ടു മാസത്തിനകം ഈ രണ്ടായിരംരൂപാ തിരിച്ചടക്കാമല്ലോ.

വക്കീൽ:—എന്താ? മീനാക്ഷി ഇപ്പോൾ സമാധാനമായോ?

മീനാക്ഷി:—ഇതെല്ലാം ആകാശക്കോട്ടകളാണു്.

വക്കീൽ:—മൂന്നുമാസത്തിനകം നമ്മളെടുക്കുന്ന പണം ബാങ്കിലടക്കാമെന്നു ഉറപ്പു തരാം. പോരെങ്കിൽ മാധവിക്കുട്ടിയുടെ കല്യാണക്കാര്യം എത്രയും വേഗം ശരിപ്പെടുത്താം. പോരേ?

പരമുപിള്ള:—വക്കീലദ്ദേഹം ഉറപ്പു തന്നാൽ പിന്നെയെന്തിനു് സംശയിക്കുന്നു? തന്നെയല്ല, സാറിൻെറ പേരും പെരുമയുമാകുമ്പോൾ മാധവിക്കൊച്ചമ്മയെ സംബന്ധം ചെയ്യാൻ ആളുകൾ ചറപറാന്നു ഓടി വരില്ലേ?

മീനാക്ഷി:—(അല്പം ശാന്തമായിട്ടു) എങ്ങനെയെങ്കിലും മൂന്നുമാസത്തിനുള്ളിൽ പണം ബാങ്കിലടക്കണം. കേട്ടോ?

വക്കീൽ:—(സന്തോഷത്തോടെ) എൻെറ മീനു ഒരു തങ്കക്കുടമാണു്. (പിള്ളയോടു) നമുക്കു ഈ പരിഷ്കാരമെല്ലാം ഉടനെ ശരിപ്പെടുത്തണം.

പരമുപിള്ള:—ഈ ജൂബയൊന്നുമിട്ടാൽ പോര. നല്ല സൂട്ടിടണം. ഒരു കസവു തലപ്പാവും വേണം. ആ സുബ്രമണ്യഅയ്യർ ആപ്പീസിലിരിക്കുന്നതു കണ്ടിട്ടുണ്ടോ? എന്തു ഗമയിലാണെന്നോ അദ്ദേഹം ആപ്പീസിലിരിക്കുക?

അതു കാരണം കക്ഷികൾ വരിവരിയായിട്ടല്ലേ അദ്ദേഹത്തിൻെറയടുക്കൽ ചെല്ലുന്നതു്?

മീനാക്ഷി:—അതു ശരിയാണു്. ഇതൊരു നാടൻവേഷമാണു്. സൂട്ടുതന്നെ വേണം. പിന്നെ ചിലർ ഒരു തരം കറുത്ത ഉടുപ്പിടുമല്ലോ? അതും വേണം.

പരമുപിള്ള:—കൊച്ചമ്മ ഈ മുണ്ടും മേൽമുണ്ടുമെല്ലാം മാററി സാരിയുടുക്കണം. പിന്നെ......... (തല ചൊറിഞ്ഞുകൊണ്ടു്) ഈയുള്ളവനും വല്ലതും നല്ല......

മീനാക്ഷി:—അതു ശരിയാണു്. ഒരു അട്ടവാഗേററിൻെറ ഗുമസ്തനു ഈ വരയൻ ഷട്ടും പഴഞ്ചൻ കണ്ണടയും പോരാ! ഒരു നല്ല ജൂബയും ഒരു ജോർ കണ്ണടയും വേണം.

പരമുപിള്ള:—കൊച്ചമ്മ ഒരു ഐശ്വര്യ ദേവത തന്നെയാണു്.

വക്കീൽ:—എന്നാൽ പിള്ളേ. ഈ പരിഷ്കാരമെല്ലാം ഒരാഴ്ചയ്ക്കുള്ളിൽ ശരിപ്പെടുത്തണം.

പരമുപിള്ള:—ഒരാഴ്ചയെന്തിനു്? നാളെ തന്നെ എല്ലാം റെഡിയാക്കാം.

കർട്ടൻ

JAWAHAR ... GRANDHASALA
Reg: No. 3273
KIDARAKKUZHI, VENGANOOR P.O.

## രംഗം രണ്ട്

(വക്കീലിൻെറ ഓഫീസ്സ്. മുമ്പിൽ ഒരു വലിയ ബോർഡ്. ഒരു സിൽക്കു തുണിയിട്ട സ്ക്രീൻ. ഒരു വലിയ ഓഫീസ്സ് മേ ാ. നല്ല മേശവിരി. കാളിംഗ്ബെൽ. ടേബിൾ ഫാ ൻ. നാല്പു നല്ല കസേരകൾ. ഒരു ചില്ലുലമാരി. അതിൽ വലിയ നിയമപുസ്തകങ്ങൾ. ഉമസ്തനു വേറെ ഒരു മേശ. രണ്ടു കസേരകൾ. സ്ക്രീനിൽ ഒരു gown ഇട്ടിട്ടുണ്ട്. ഒരു കസവു തലപ്പാവ് മേശപ്പുറത്തു വെച്ചിട്ടുണ്ട്. വക്കീൽ നല്ല സൂട്ടിട്ട് കസേരയിൽ ഇരിക്കുന്നു. മീനാക്ഷി ഒരു നല്ല സാരിയുടുത്തു ആടികുഴഞ്ഞു പ്രവേശിക്കുന്നു.)

**വക്കീൽ:**—എന്താ മീനാക്ഷി! ശ്ശെ! ഇപ്പോഴും പണ്ടത്തെ ഓൎമ്മയാണ്—മീന. ഇപ്പോൾ ആഫീസു എങ്ങനെയിരിക്കുന്നു?

**മീനാക്ഷി:**—(ചുററും നോക്കിയിട്ട്) ആ തലപ്പാവ് വെക്കുന്നില്ലേ? ഈ നാല്പു കയ്യൻ കോട്ടിടുന്നില്ലേ?

**വക്കീൽ:**—അതു കോടതിയിൽ പോകുമ്പോൾ മതി.

**മീനാക്ഷി:**—ഈ പ്രൌഢിയിൽ മതിമറന്നു മാധവിക്കുട്ടിയുടെ കാര്യം മറക്കല്ലേ! അവളെ എന്താണ്

ഇങ്ങനെ നിറുത്തിയിരിക്കുന്നതെന്നു അമ്മാവൻ ചോദിച്ച പ്പോൾ എനിക്കു വല്ലാത്ത വിഷമംതോന്നി.

വക്കീൽ:—അതിനൊക്കെ ഞാൻ വഴി കണ്ടു പിടിച്ചു കഴിഞ്ഞു.

മീനാക്ഷി:—ഈ മാതിരി വല്ല വക്കീലായിരി ക്കും അല്ലേ? അതു വേണ്ട വേണ്ട.

വക്കീൽ:—വക്കീലൊന്നുമല്ല. ഗവണ്മെൻറു ഡാക്ടർ! കൊച്ചു മിടുക്കൻ!! നല്ല സ്വഭാവം!!! പോരേ?

മീനാക്ഷി:—ഏതു ഡോക്ടർ?

വക്കീൽ:—നമ്മുടെ തെക്കേവീടു വാടകക്കെടു ത്തിരിക്കുന്ന ഡോക്ടരെ അറിയില്ലേ? എന്താ? ആൾ മിടു ക്കനെല്ലേ?

മീനാക്ഷി.—അതൊന്നും നടക്കുന്ന കാര്യമല്ല. അ യാൾക്കു വളരെ വലിയ വീടുകളിൽനിന്നു ആലോചിക്കുന്നു ണ്ടെന്നു് അവിടത്തെ വേലക്കാരൻ പറയുന്നതു കേട്ടു.

വക്കീൽ:—അതൊന്നും സാരമില്ല. ആ കാര്യം ഞാൻ ശരിപ്പെടുത്തും. ഒരു Master plan തന്നെ തയ്യാ റാക്കിയിട്ടുണ്ടു്. ഗുമസ്തൻ വരട്ടെ. ഡോക്ടരോടൊന്നി ങ്ങോട്ടു വരാൻ പറയാം. മാധവിക്കുട്ടി—അല്ല—മധു എ വിടെ?

മീനാക്ഷി:—(ദ്വേഷ്യഭാവത്തിൽ) എന്തു് മധു വോ?

വക്കീൽ:—മീനാക്ഷിയെ മീന എന്നു വിളിക്കാനല്ലേ പറഞ്ഞതു്? അതുപോലെ മാധവിക്കുട്ടിയെ മധുവെന്നല്ലേ വിളിക്കേണ്ടതു്?

മീനാക്ഷി:—അതവളുടെ സംബന്ധക്കാരൻ വിളിച്ചാൽ മതി. നിങ്ങൾ വിളിക്കേണ്ട.

(ആരോ വരുന്ന ശബ്ദം കേൾക്കുന്നു)

വക്കീൽ:—ആട്ടെ. കക്ഷികൾ വരുന്നുണ്ടു്. മീന അകത്തേക്കു പൊയ്ക്കോ. മാധവിക്കുട്ടിയോടു നല്ലവണ്ണം ഡ്രസ്സു ചെയ്യാൻ പറയു.

മീനാക്ഷി:—എന്താ? കക്ഷികളെ കാണിക്കാനാണോ? അത്രയ്ക്കൊന്നുമായിട്ടില്ല.

വക്കീൽ:—എടാ വിഷമമേ! ഗുണം പറഞ്ഞാലും ഇക്കാലത്തു് ദോഷമാണു്. ഡോക്ടർ വരില്ലേ? അതുകൊണ്ടല്ലേ അവളെ ഡ്രസ്സു ചെയ്യിക്കാൻ പറഞ്ഞതു്? നിന്നോടു തർക്കിക്കാൻ എനിക്കു വയ്യ. ഇതാ കക്ഷികൾ എത്തിക്കഴിഞ്ഞു.

(മീനാക്ഷി പിറുപിറുത്തുകൊണ്ടു പോകുന്നു. പരമുപിള്ളയും പയിൻററും പ്രവേശിക്കുന്നു. പരമുപിള്ള അലക്കിതേച്ച ജൂബയാണിട്ടിട്ടുള്ളതു്. നല്ല കണ്ണട വെച്ചിട്ടുണ്ടു്.)

വക്കീൽ:—(ഗൌരവഭാവത്തിൽ) എന്താ പിള്ളയിത്ര താമസിച്ചതു്? എത്ര കക്ഷികൾ അന്യായം ഫയിൽ ചെയ്യുവാൻ വന്നുവെന്നോ? ഗൃഹസ്ഥനില്ലാതെയെങ്ങനെയാണു കാര്യങ്ങൾ നടക്കുക?

പരമുപിള്ള:—ഇയാളുടെ ആവലാതി കേട്ടു നിന്നിട്ടാണു് ഇത്ര താമസിച്ചതു്. ഇയാൾ നമ്മുടെ ബോർഡെഴുതിയ പെയിൻററാണു്.

(പെയിൻറർ തൊഴുന്നു)

വക്കീൽ:—എന്താ! വല്ല കുഴപ്പത്തിലും ചെന്നു ചാടിയോ?

പെയിൻറർ:—എനിക്കൊരനുജനുണ്ടു്. അവൻ—

വക്കീൽ:—തെമ്മാടിയാണോ? വല്ല കേസ്സിലും പെട്ടോ:—

പെയിൻറർ:—അതൊന്നുമില്ല. 'എഫേ'ക്കു പഠിക്കുകയായിരുന്നു. എല്ലാ വിഷയത്തിലും തോററെന്നു പറഞ്ഞു ക്ലാസുകയററം കൊടുത്തില്ല.

പരമുപിള്ള:—അതു നമ്മുടെ ഭരണഘടനപ്രകാരമുള്ള മൌലികാവകാശങ്ങൾക്കു വിരോധമല്ലേ?

പെയിൻറർ:—അതു തന്നെയാണു് അവൻെറ സംഘക്കാർ പറയുന്നതു്. 'എഫേ' ക്ലാസ്സിൽചേന്നാൽ രണ്ടുകൊല്ലം പഠിക്കാൻ എല്ലാവക്കും അവകാശമുണ്ടത്രേ!

പരമുപിള്ള:—എന്തിന രണ്ടു കൊല്ലമാക്കുന്നു? ഇഷ്ടമുള്ള കാലത്തോളം പഠിക്കാനനുവദിക്കണം.

പെയിൻറർ:—ചിലക്കു ക്ലാസ്സുകയററം കൊടുക്കുന്നതും ചിലരെ തോല്പിക്കുന്നതും സമത്വസുന്ദരമായ ലോ

കത്തിൽ അൻവദിക്കത്തക്കതല്ലെന്നാണു് അവൻെറ യൂണിയൻകാർ പറയുന്നതു്.

പരമുപിള്ള:— (വക്കീലിനോടു്) കോടതി മുഖേന ഈ അസമത്വമവസാനിപ്പിക്കാൻ വഴിയുണ്ടോ?

വക്കീൽ:—നോക്കട്ടെ. ആ writ-നെപ്പററിയുള്ള പുസ്തകങ്ങൾ എടുക്കൂ.

(ഗുമസ്തൻ രണ്ടു വലിയ പുസ്തകങ്ങൾ എടുത്തു കൊടുക്കുന്നു. വക്കീൽ പേജുകൾ മറിച്ചുനോക്കുന്നു.)

പരമുപിള്ള:— (രഹസ്യമായി പെയിൻററോടു) ഒരു വഴിയുണ്ടെങ്കിൽ വക്കീലദ്ദേഹം കേസു ജയിപ്പിക്കും. അദ്ദേഹം റിട്ടു സ്പെഷ്യലിസ്റ്റാണു്. നീയല്ലേ അതു് ബോർഡിൽ എഴുതിയതു്?

പെയിൻറർ.—വലിയ ഫീസൊന്നും തരാൻ ഈയുള്ളവനു കഴിവില്ല. സാറു എന്നെ സഹായിക്കണം.

പരമുപിള്ള:— അതൊക്കെ ഞാൻ ശരിപ്പെടുത്താം. ആ മടിക്കുത്തിൽ എന്തുണ്ടു്?

പെയിൻറർ.—ബസ്സിനുള്ള കാശുമാത്രമേയുള്ളു.

ഗുമസ്തൻ.—അതിങ്ങോട്ടെടുക്കൂ.

പെയിൻറർ:—അപ്പോൾ വീട്ടിലെത്തണ്ടേ?

ഗുമസ്തൻ:—പതുക്കെ അങ്ങു നടന്നാൽ മതി. നിനക്കു കേ.സു ജയിക്കണോ? അന്യായം എഴുതേണ്ടതു ഞാനാണു്? മനസ്സിലായോ?

(പെയിൻറർ സങ്കടത്തോടെ മടിക്കുത്തിലുള്ള പണം എടുത്തു പകുതി കൊടുക്കുന്നു. പരമുപിള്ള പൊതി അങ്ങനെ തന്നെയെടുക്കുന്നു. വക്കീൽ കടക്കണ്ണിട്ടു നോക്കുന്നു.)

വക്കീൽ:—(പുസ്തകം അടച്ചിട്ട്) ഒരു writ mandamus കൊടുക്കാം.

പെയിന്റർ:— അതെന്താണ് ഏമാനെ? വല്ല കുഴപ്പം വല്ലതുമുണ്ടോ?

പരമുപിള്ള:—ഹേയ്! മണ്ടേമസ് എന്നു വച്ചാൽ അവന്റെ തലമണ്ടയില്ലേ? ആ മണ്ടയുടെ മേന്മയെ ചോദ്യം ചെയ്യാൻ പാടില്ലെന്നുള്ള സെക്ഷൻ ആണ്. നിയമത്തിൻെറ സകല വശങ്ങളും പഠിച്ചിട്ടാണ് വക്കീലദ്ദേഹം പറഞ്ഞത്. ഇനി കേസ് ജയിക്കുമെന്നുള്ളതിന് അപ്പീലില്ല.

പെയിന്റർ:—എന്തോ ആവോ? എല്ലാം ഏമാനനെ ഏല്പിച്ചിരിക്കുന്നു.

വക്കീൽ:—ഇതു് പ്രമാദം പിടിച്ച കേസ്സാണ്. അനവധി വാദമുഖങ്ങൾ ഉന്നയിക്കേണ്ടി വരും. അതു കൊണ്ടു് ഫീസു കൂടുതൽ ആകും.

പെയിൻറർ:—ഈയുള്ളവന് അതിനുള്ള കഴിവില്ല. ഏമാനനെ.

വക്കീൽ:—ഫീസില്ലാതെ കേസു കൊടുക്കുന്നതെങ്ങനെയാണ്?

പരമുപിള്ള:—നമ്മുടെ ബോർഡു എഴുതിയ വക യിൽ കുറച്ചു കാശു കൊടുക്കാനുണ്ടു്. അതു ഫീസു വക യിൽ വരവു വെക്കാം.

വക്കീൽ:—എന്നാലും ഒരു വലിയ തുക പിന്നേ യും തരേണ്ടി വരുമല്ലോ?

പെയിന്റർ:—ഇപ്പോ എന്റെ കയ്യിൽ ചില്ലി ക്കാശൊന്നില്ല എജമാനനെ.

പരമുപിള്ള:—ശരി. അനിയൻ ബി. ഏ. പാ സ്സായി ഉദ്യോഗം കിട്ടുമ്പോൾ മാസം പതിപത്തുറുപ്പ ഫീസു വകയിൽ വക്കീൽ സാറിനു അയച്ചു കൊടുക്കണം. കേട്ടോ?

പെയിന്റർ.— അതു എന്തു വേണമെങ്കിലും ചെയ്യാം.

പരമുപിള്ള:—എന്നാൽ ഇപ്പോൾ പൊയ്ക്കോ. കേസ്സിന്റെ തിയ്യതിയും മററും ഞാൻ അറിയിക്കാം.

(പെയിന്റർ തൊഴുതു പോകുന്നു)

പരമുപിള്ള:— ഇയാളെകൊണ്ടുവരാൻ ഞാൻ എന്തു പാടുപെട്ടെന്നോ? അയാൾക്കു് കേസു കൊടു ക്കാൻ തീരെ സമ്മതമില്ലായിരുന്നു. അയാളുടെ അനിയ നുണ്ടല്ലോ. അവനൊരു കുട്ടിസ്സഖാവാണു്. മൌലികാ വകാശം, സമത്വസുന്ദരമായ ലോകം എന്നും മററും പറ ഞ്ഞപ്പോൾ അവനു ഹാലിളകി.

വക്കീൽ.—ഈ കേസു കിട്ടിയിട്ടെന്താണു് ഫലം? എനിക്കു പണമൊന്നും കിട്ടിയില്ലല്ലോ?

പരമുപിള്ള:—ബോർഡു് എഴുതിയതിനുള്ള പണം കൊടുക്കാതെ കഴിഞ്ഞില്ലേ? പിന്നെ അയാളുടെ അനിയൻ പാസായി ഉദ്യോഗം കിട്ടുമ്പോൾ ഫീസു മുഴുവൻ കിട്ടുമല്ലോ.

വക്കീൽ:—കേസു ജയിച്ചുദ്യോഗം കിട്ടിയിട്ടു! കേസു ആദ്യത്തെ hearing-ൽ തന്നെ തള്ളിപ്പോകും. ഇതൊന്നും അയാളോടു പറയേണ്ട.

പരമുപിള്ള:—നല്ല കാര്യമായി! ഇതെല്ലാം തൊഴിൽ രഹസ്യങ്ങളല്ലേ? (ചെവിയോർത്തിട്ടു്) ആരൊക്കെ വരുന്നുണ്ടു്. എന്റെ പ്ലാൻ എങ്ങനെയിരിക്കുന്നു? ആപ്പീസും മററും പരിഷ്കരിച്ചപ്പോൾ കക്ഷികൾ ചറപറാന്നു വരുന്നതു കണ്ടില്ലേ?

(ഭാസ്കരും ശേഖരും പ്രവേശിക്കുന്നു. ഖദർ ജുബയും നേരിയ മീശയും.)

വക്കീൽ.—(ഗൌരവത്തിൽ ഗുമസ്തനോടു്) ആ അന്യായം വേഗം എഴുതി തീർക്കൂ. ഇന്നു തന്നെ ഫയിൽ ചെയ്യേണ്ടതാണു്. (ആഗതരോടു) വരണം ഇരിക്കൂ. എന്താണു് വിശേഷം?

ഭാസ്കർ:—ഞങ്ങൾ 'അ. ലോ: സ. പി.' യുടെ—

പരമുപിള്ള:—അലോസപിയോ? ഏ. എസ്. പിയെ അറിയാം. അദ്ദേഹത്തിന്റെ ചാർച്ചക്കാരാണോ?

ഭാസ്കർ:—അതൊന്നുമല്ല. അ. ലോ. സ. പി. യെന്നുവച്ചാൽ അഖിലലോക സോഷ്യലിസ്റ്റ് പാർട്ടിയെന്നാണ്. ഞാൻ പാർട്ടിയുടെ മണ്ഡലം പ്രസിഡൻറാണ്. ഇദ്ദേഹം പാർട്ടിയുടെ സെക്രട്ടറിയാണ്. സഖാവു് ശേഖർ.

വക്കീൽ:—(തൊഴുതുകൊണ്ടു്) ഇരുന്നാലും. നിങ്ങളെ കാണാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ടു്. എന്താ പാർട്ടി വക വല്ല കേസുമുണ്ടോ?

ശേഖർ:—കേസൊന്നുമില്ല. അടുത്ത election ന സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന കാര്യം ആലോചിക്കാൻ വന്നതാണ്.

(വക്കീലിൻെറ മുഖം മ്ലാനമാകുന്നു. ഉടൻ തന്നെ സന്തോഷഭാവം നടിക്കുന്നു.)

വക്കീൽ:—സോഷ്യലിസമാണ് എൻെറ ജീവിതാദർശം. പക്ഷെ, ഇപ്പോൾ കേസു കുറെ അധികമുള്ളതിനാൽ നിങ്ങളുടെ പാർട്ടി പ്രചരണത്തിനും മററും വരാൻ സമയമില്ല.

ഭാസ്കർ:—പ്രചരണമൊക്കെ ഞങ്ങളുടെ വാളൻറിയർമാർ നടത്തിക്കൊള്ളും. അങ്ങയെ ഈ നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർത്ഥിയായി നിറുത്താനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്:

പരമുപിള്ള:—എന്തിനായിട്ടു്?

ഭാസ്കർ.—എം. എൽ. ഏ. ആകാൻ.

ശേഖർ:—നിങ്ങളെപ്പോലെ പ്രസിദ്ധിപെററ ഒരഭിഭാഷകനെ ഞങ്ങളുടെ പാർട്ടി സ്ഥാനാത്ഥിയായി കിട്ടിയാൽ ഞങ്ങൾക്കു വലിയൊരനുഗ്രഹമായിരിക്കും.

വക്കീൽ.—നിയമസഭാ പ്രവത്തനം എനിക്കിഷ്ടമുള്ള ഒരു സംരംഭമാണു്. പക്ഷെ! ഇപ്പോൾ മണ്ണാങ്കട്ടയും കുററിച്ചൂല്യം എം. എൽ. ഏ. ആകുന്ന കാലമാണു്. അവരോടൊക്കെ മത്സരിക്കാൻ എനിക്കു നാണമാകുന്നു!

പരമുപിള്ള:—സാറു സ്ഥാനാത്ഥിയാണെന്നറിഞ്ഞാൽ പിന്നെ വല്ലവരും ഇവിടെ മത്സരിക്കുമോ?

ശേഖർ:—അഥവാ മത്സരിച്ചാലും ഞങ്ങളുടെ പാർട്ടി പ്രചരണവും വാളൻറിയർമാരുടെ പ്രവത്തനവും മൂലം നമ്മൾ ജയിക്കുമെന്നുള്ളതിനു സംശയമില്ല.

ഭാസ്കർ.—തന്നെയുമല്ല അങ്ങയെപ്പോലുള്ള ഒരു നിയമജ്ഞനെ ഇവിടത്തെ അഭ്യന്തര മന്ത്രിയാക്കണമെന്നാണു് ഞങ്ങളുടെ ആഗ്രഹം.

വക്കീൽ:—ഇലക്ഷനിൽ ജയിച്ചിട്ടുവേണ്ടേ മന്ത്രിസഭാക്കാര്യം ആലോചിക്കാൻ?

ശേഖർ:—സാറു അതിനെപ്പററി സംശയിക്കേണ്ട. ഇന്നുമുതൽ ഞങ്ങളുടെ വാളൻറിയർമാർ ഓരോ വീട്ടുതോറും canvass ചെയ്യാൻ പോകയാണു്. അടുത്തയാഴ്ച ഒരു തെരഞ്ഞെടുപ്പു പ്രചരണയോഗം നടത്തണം. അന്നു സാറു ഒരു ചെറിയ പ്രസംഗം ചെയ്യണം.

ഭാസ്കർ:—ഒരു വനിതാ വിഭാഗംകൂടി ആരംഭിക്കണമെന്നു കരുതുന്നുണ്ടു്. എന്നാൽ മാത്രമേ സ്ത്രീകളുടെ വോട്ടു കിട്ടുകയുള്ളു.

ശേഖർ:—വനിതാ വിഭാഗത്തിന്റെ സെക്രട്ടറിയായി—

പരമുപിള്ള:—എന്നെയോ? എനിക്കു വയ്യാ.

ഭാസ്കർ:—നിങ്ങളെയല്ല. വക്കീൽ സാറിന്റെ ........

വക്കീൽ:—എന്റെ ഭാര്യയോ? ഇത്തരം പൊതുക്കാര്യങ്ങളിൽ പങ്കെടുക്കാൻ തീരെ ഇഷ്ടമില്ലാത്ത ആളാണു്.

പരമുപിള്ള:—മാധവിക്കുഞ്ഞാണു് അതിനു പററിയതു്. പ്രസംഗത്തിനു കേമിയാണു്.

ശേഖർ:—അതുമതി. കോളേജ് കുമാരികളാണു് ഇതിനെല്ലാം നേതൃത്വം നല്കേണ്ടതു്.

വക്കീൽ:—ഞാൻ അവളോടു പറയാം. അവൾക്കിതെല്ലാം ഇഷ്ടമാണു്. അതുകൊണ്ടു സമ്മതിച്ചേക്കാം.

ശേഖർ:—അങ്ങനെ പറഞ്ഞാൽ പോരാ. സാറു പറഞ്ഞു സമ്മതിപ്പിക്കണം.

ഭാസ്കർ.—എന്നാൽ ഞങ്ങൾ ഇറങ്ങട്ടെ. പാർട്ടി സംബന്ധമായി പല ജോലികൾ ചെയ്യാനുണ്ടു്.

(രണ്ടുപേരും തൊഴുതു പോകുന്നു)

പരമുപിള്ള:—സാറിന്നു ശുക്രദശ തുടങ്ങി. ഈ തെരഞ്ഞെടുപ്പിൽ ജയിച്ചാൽ! പിന്നെ കേസു കിട്ടാത്ത കോട്ടം തീൎന്നില്ലേ?

വക്കീൽ:—ജയിച്ചിട്ടു വേണ്ടേ?

പരമുപിള്ള:—സാറു ജയിച്ചില്ലെങ്കിൽ പിന്നെ ആരാണ് ജയിക്കുന്നതു്? വലിയ സ്ഥിതിയും മററും ആകുമ്പോൾ ഈയുള്ളവനെ മറക്കരുതേ!

(മീനാക്ഷി പ്രവേശിക്കുന്നു.)

മീനാക്ഷി:—ഡോക്ടർ വന്നോ?

വക്കീൽ:—ശ്ശെ! ഞാനാക്കാര്യം മറന്നുപോയി· പിള്ളേ! ആ തെക്കേവീട്ടിൽ താമസിക്കുന്ന ഡോക്ടറില്ലേ? അദ്ദേഹത്തോടു ഇപ്പോൾ തന്നെ ഒന്നു വരാൻ പറയൂ.

പരമുപിള്ള.—ഏതു്? ആ റിട്ടയർഡു ഡോക്ടരാണോ?

വക്കീൽ:—ഹെയ്! അയാളല്ല. നമ്മുടെ വീടു വാടകക്കെടുത്തിട്ടുള്ള ഡോക്ടർ രാമൻമേനോൻ. ആ ചെറുപ്പക്കാരൻ. അദ്ദേഹത്തെ ഇപ്പോൾ തന്നെ കൊണ്ടുവരൂ.

(പരമുപിള്ള പോകുന്നു.)

വക്കീൽ:—മീനാക്ഷി. അല്ല. അല്ല. തെററിപ്പോയി. മീന അറിഞ്ഞോ വിശേഷം? അഖിലലോക സോഷ്യലിസ്റ്റ് പാർട്ടി ഈ നിയോജകമണ്ഡലത്തിൽ എന്നെ സ്ഥാനാൎത്ഥിയാക്കാൻ തീൎച്ചയാക്കിയിരിക്കുന്നു.

മീനാക്ഷി:—എന്തിനുള്ള സ്ഥാനാർത്ഥി?

വക്കീൽ:—എം. എൽ. ഏ. ആകാൻ.

മീനാക്ഷി:—ഉം! കുറച്ചുകൂടി പണം ചെലവാക്കാനുള്ള വഴിയായി. ഒരു കാശുപോലും ഇനി ബാങ്കിൽ നിന്നെടുക്കാൻ പററില്ല.

വക്കീൽ.—നിന്നെക്കൊണ്ടു ഞാൻ തോററു നല്ല കാലം വരാൻ നിനക്കാഗ്രഹമില്ല. ഈ ഇലക്ഷനിൽ ഞാൻ ജയിക്കുമെന്നുള്ളതു് തീർച്ചയാണു്. ജയിച്ചാൽ ഒരു മന്ത്രിയാക്കാമെന്നും അവർ സമ്മതിച്ചിട്ടുണ്ടു്. മന്ത്രിയായാൽ പിന്നെ നിൻെറ സ്ഥിതിയെന്തായിരിക്കും? കൊടി വെച്ച കാർ! വില്ലയിട്ട പ്യൂൺ!! വലിയ ബംഗ്ലാവു്! പത്തുപന്ത്രണ്ടു വേലക്കാർ!! ദിവസം തിരുമ്മൽ ക്കാഴ്ചകൾ!!! പിന്നെയെൻെറ മീന എവിടെയായിരിക്കും നില്ക്കുക?

മീനാക്ഷി:—മതി! മതി!! വലിയ ബംഗ്ലാവും കാറുമൊന്നും വേണ്ട. ആ രണ്ടായിരം രൂപ കിട്ടിയെങ്കിൽ എൻെറ മാധവിക്കുട്ടിയെ ആരെയെങ്കിലും ഏല്പിക്കാമായിരുന്നു.

വക്കീൽ:—നീ ഒരു pessimist ആണു്. മാധവിക്കുട്ടിയുടെ കാര്യമല്ലേ ഞാൻ ശരിപ്പെടുത്താൻ നോക്കുന്നതു്? ഡോക്ടർ ഇപ്പോൾ വരും. അപ്പോഴേക്കും കാപ്പിയും പലഹാരവും ശരിയാക്കു. (ഓർത്തിട്ടു്) ഓ! ഒരു കാര്യം പറയാൻ മറന്നുപോയി. അ. ലോ. സ. പിയുടെ ഒരു വനിതാ വിഭാഗം തുടങ്ങുന്നുണ്ടു്. അതിൻെറ സെക്രട്ടറി

യായി മാധവിക്കുട്ടിയെ നിയമിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. പൊതുക്കാര്യങ്ങളിലെല്ലാം അവരം അല്പം പങ്കെടുക്കട്ടെ. അപ്പോൾ പലരുമായി പരിചയപ്പെടാനിടവരും.

മീനാക്ഷി:—അങ്ങനെ വല്ലവരേയും കെട്ടിയേല്പിക്കാനായിരിക്കും സൂത്രം അല്ലേ?

വക്കീൽ.—എന്റെ മീന! നീ ഇപ്പോഴത്തെ പ്രതിപക്ഷ പാർട്ടികളെപ്പോലെയാണല്ലോ? ഗുണമായാലും ദോഷമായാലും ശരി. എന്തിനേയും എതിക്കണം എന്ന ഒരു വിചാരം മാത്രമേ നിനക്കുള്ളൂ. (കാലൊച്ച കേൾക്കുന്നു.) ഡോക്ടർ വരുന്നുണ്ടു്. ചെന്നു കാപ്പി വേഗം ശരിയാക്കൂ. കാപ്പി മാധവിക്കുട്ടിയുടെ കയ്യിൽ കൊടുത്തയക്കണം. കേട്ടോ?

(മീനാക്ഷി പോകുന്നു. ഡോക്ടരും പരമുപിള്ളയും പ്രവേശിക്കുന്നു. പരമുപിള്ള ഡോക്ടരുടെ പെട്ടി മേശപ്പുറത്തു വെക്കുന്നു.)

വക്കീൽ:—(തൊഴുതുകൊണ്ടു) ഇരിക്കണം. ഡോക്ടരെ ഇങ്ങോട്ടൊന്നും കാണുന്നില്ലല്ലോ? എപ്പോഴും മരുന്നും രോഗികളുമായിക്കഴിഞ്ഞാൽ സുഖിക്കുന്നതെപ്പോഴാണു്? എന്നെ കണ്ടു പഠിക്കുക. കേസു് എത്രയുണ്ടായാലും ക്ലബ്ബിൽ പോകും ടെന്നിസു കളിയും ഒരു ദിവസം മുടക്കാറില്ല.

ഡോക്ടർ:—എന്തു ചെയ്യാനാണു്? ഹോസ്പിററലിൽനിന്നു വരുമ്പോൾ തന്നെ ആറുമണിയാകും. പിന്നെ Private patients ഉണ്ടായിരിക്കും.

1181



പരമുപിള്ള:—അപ്പോൾ പണം ധാരാളം കിട്ടുന്നുണ്ടല്ലോ?

ഡോക്ടർ:—പണം മോഹിച്ചല്ല ഞാനിതെല്ലാം ചെയ്യുന്നത്. രോഗികളെ ശുശ്രൂഷിക്കേണ്ടതു ഡോക്ടരുടെ കടമയാണ്.

വക്കീൽ:—അപ്പോൾ ഞാൻ വിളിപ്പിച്ചതു വിഷമമായി അല്ലേ?

ഡോക്ടർ:—ഓ! അതു സാരമില്ല. എന്തസൌകര്യമുണ്ടായാലും സ്നേഹിതന്മാർ വിളിച്ചാൽ വരാതിരിക്കാനൊക്കുമോ?

വക്കീൽ:—(അകത്തേക്കു നോക്കിയിട്ട്) മധു!

(മാധവിക്കുട്ടി നല്ല മോടിയിൽ അണിഞ്ഞൊരുങ്ങി, ഒരു ട്രേയിൽ കാപ്പിയും പലഹാരവുമായി പ്രവേശിക്കുന്നു. മീനാക്ഷി സ്റ്റേജിന്റെ ഒരററത്തു നില്ക്കുന്നു.)

വക്കീൽ:—ഇവൾ എന്റെ sister-in-law ആണ്. ആൾ ബഹു മിടുക്കിയാണ്.

ഡോക്ടർ:—ഇപ്പോൾ തന്നെ കാപ്പി കുടിച്ചിട്ടാണ് ഞാനിങ്ങോട്ടിറങ്ങിയതു്.

വക്കീൽ:—അതിനെന്താണ്? ഒരു കപ്പു കൂടി കുടിക്കാൻ എന്താ വിരോധം? ഞാൻ എത്ര കപ്പു കാപ്പിയെങ്കിലും കുടിക്കാം. ആരെങ്കിലും കുടിക്കാൻ പറയേണ്ടതാമസമേയുള്ളു.

പരമുപിള്ള:—എന്നോടു കാപ്പികുടിക്കാൻ ആരും പറയേണ്ട.

(ഡോക്ടർ കാപ്പി കുടിക്കുന്നു)

മാധവിക്കുട്ടി:—പലഹാരം ഒന്നും കഴിക്കുന്നില്ലേ?

വക്കീൽ:—അതെല്ലാം മധു ഉണ്ടാക്കിയതാണു്. മധു ഒരു cooking expert ആണു്.

(മധു എന്ന വിളി കേട്ടിട്ടു ദേഷ്യം സഹിക്കാൻ വയ്യാതെ മീനാക്ഷി കണ്ണുരുട്ടുന്നു. വക്കീൽ അതു കാണുന്നില്ല.)

ഡോക്ടർ:—എനിക്കു് അല്പം ധൃതിയുണ്ടു്. അവിടെ patients കാത്തിരിക്കുന്നുണ്ടു്. എന്താ പിന്നെ വിശേഷം?

വക്കീൽ:—മീനാക്ഷി.

(മീനാക്ഷി പ്രവേശിക്കുന്നു.)

വക്കീൽ:—മീന. മധുവിന്റെ സുഖക്കേടിനെപ്പററി ഡോക്ടരോടു പറയു.

മീനാക്ഷി:—അവൾക്കു് ആകെ ക്ഷീണം തോന്നുന്നുണ്ടു്. ഒന്നിനും ഒരുന്മേഷമില്ല.

വക്കീൽ:—ഡോക്ടർ ഒന്നു thorough ആയിട്ടു examine ചെയ്യണം.

(ഡോക്ടർ മാധവിക്കുട്ടിയെ പരിശോധിക്കുന്നു. Pulse നോക്കുന്നു. Torch light ഉപയോഗിച്ചു തൊണ്ടയും മററും പരിശോധിക്കുന്നു.)

വക്കീൽ:—മധു. ഡോക്ടരോടു വിവരങ്ങളെല്ലാം പറയൂ.

(മാധവിക്കുട്ടി നമ്രമുഖിയായി നില്ക്കുന്നു. കൈ കഴുകി, ഡോക്ടർ കസേരയിൽ വന്നിരിക്കുന്നു.)

ഡോക്ടർ:—ഇതു ഒരു തരം Melancholia ആണു്.

പരമുപിള്ള:—എന്തു്? പൊന്നുംകുടംപോലുള്ള മാധവിക്കുഞ്ഞു മലങ്കോഴിയെന്നോ? എന്റെയീശ്വരാ! എനിക്കിനി ഒന്നും കേൾക്കണ്ട.

ഡോക്ടർ:—പിള്ളയെന്താണു് പറയുന്നതു്? Melancholia എന്നു പറയുന്നതു ഒരു തരം സുഖക്കേടാണു്. അത്ര വലിയ രോഗമൊന്നുമല്ല.

മീനാക്ഷി:—അതു മാറാനായി എന്തു ചെയ്യണം?

ഡോക്ടർ:—എപ്പോഴും active ആയിരിക്കണം. നല്ല exercise എടുക്കുക. വീട്ടിൽതന്നെ മുഷിഞ്ഞിരിക്കാതെ പുറത്തേക്കുപോയി ധാരാളം ശുദ്ധവായു ശ്വസിക്കണം. ഞാൻ ഒരു Tonic കൊടുത്തയക്കാം. അതു കഴിച്ചാൽ മതി. എന്നാൽ ഞാൻ പോകട്ടെ.

വക്കീൽ:— (പിള്ളയോടു) ഡോക്ടരുടെ കൂടെ പോയി ആ മരുന്നു വാങ്ങിച്ചുകൊണ്ടു വാ.

(ഡോക്ടരും പിള്ളയും പോകുന്നു. മാധവിക്കുട്ടി അകത്തേക്കു പോകുന്നു.)

മീനാക്ഷി:—മധു, മധു, എന്നു വിളിച്ചിട്ടു മതിയാവുന്നില്ല അല്ലേ? ഡോക്ടരുള്ളതുകൊണ്ടാണു് ഞാൻ അടങ്ങിയിരുന്നതു്. ഇനി അങ്ങനെ വിളിക്കുന്നതു് ഒന്നു കാണട്ടെ.

വക്കീൽ:—മീന. നിന്നെക്കൊണ്ടു വലിയ വിഷമമായി. അവൾ ഒരു മധുവാണെന്നു ഡോക്ടർ മനസ്സിലാക്കാനല്ലേ ഞാൻ മധുവെന്നു വിളിച്ചതു്.

മീനാക്ഷി:—മതി. മതി. ഈ മാതിരി ചക്കരവാക്കുകളൊന്നും എനിക്കു കേൾക്കണ്ട. ഇനി മധുവെന്നു വിളിച്ചാലറിയാം എന്റെ വേഷം.

(മീനാക്ഷി പോകുന്നു)

വക്കീൽ:— (തലയിൽ കൈകൊണ്ടടിച്ചുകൊണ്ടു്) ഇതെന്തൊരു ദുർവ്വിധി! മീനാക്ഷിയെ മീനാക്ഷിയെന്നു വിളിക്കാൻ പാടില്ല. മീന എന്നു വിളിക്കണം. എന്നാൽ മാധവിക്കുട്ടിയെ മധു എന്നു വിളിക്കാൻ പാടില്ല. എന്റെയീശ്വരാ! ഇത്തരം നിയമം penal code ലും civil code ലും ഇല്ലല്ലോ! ഒരു പക്ഷെ പെണ്ണുങ്ങൾക്കു പ്രത്യേകം code ഉണ്ടായിരിക്കാം.

'പെണ്ണെന്നോരെണ്ണത്തെ തീർത്തല്ലോ നാന്മുഖൻ
പെണ്ണിലും പെണ്ണാക്കി പുരുഷനെ.'

കർട്ടൻ

## രംഗം മൂന്നു്

(യോഗം കൂട്ടവാനുള്ള സ്ഥലം. ഒരു പ്ലാററ്ഫാം. ഒരു മേശയും രണ്ടു കസേരകളും. പ്ലാററ്ഫാമിന്റെ ഒരു ഭാഗത്തു ഉച്ചഭാഷിണി ഉപകരണം. മറുവശത്തു പാർട്ടി കൊടി.)

ശേഖർ:—(മൈക്കിൽക്കൂടി) മഹാജനങ്ങളെ! അല്പസമയത്തിനുള്ളിൽ അ. ലോ. സ. പിയുടെ വമ്പിച്ച ജാഥ ഇവിടെയെത്തുന്നതാണു്. അതുവരേയും നിങ്ങൾ അച്ചടക്കം പാലിക്കാനപേക്ഷ.

(ജാഥാംഗങ്ങൾ പ്രവേശിക്കുന്നു. മാധവിക്കുട്ടി കൊടിയും പിടിച്ചു ജാഥ നയിക്കുന്നു. പിന്നിലായി ഭാസ്കർ, വക്കീൽ, മീനാക്ഷി, പരമുപിള്ള ആദിയായവർ.)

ഭാസ്കർ:—അഖിലലോക സോഷ്യലിസ്റ്റ് പാർട്ടി

പരമുപിള്ളയും മററുള്ളവരും:—സിന്ദാബാദ്.

മാധവിക്കുട്ടി:—സ്ത്രീ സ്വാതന്ത്ര്യം.

മീനാക്ഷി:—ഞങ്ങൾ പിടിച്ചു പററും.

മാധവിക്കുട്ടി:—പുരുഷമേധാവിത്വം

മീനാക്ഷി:—അവസാനിപ്പിക്കും.

ശേഖർ:—(മൈക്കിൽക്കൂടി) പ്രിയപ്പെട്ട നാട്ടുകാരെ! ദയവുചെയ്തു ജാഥാംഗങ്ങൾക്കു സ്ഥലം ഒഴിഞ്ഞു കൊടുത്താലും.

(ജാഥാംഗങ്ങൾ പ്രവേശിച്ചു നിലത്തിരിക്കുന്നു)

(വക്കീൽ തൊഴുതു കസേരയിലിരിക്കുന്നു. ഭാസ്കർ പ്ലാററു ഫാറത്തിൽ കയറി സ്വാഗത പ്രസംഗമാരംഭിക്കുന്നു.)

ഭാസ്കർ:—പ്രിയപ്പെട്ട നാട്ടുകാരെ! ഞങ്ങളുടെ എളിയ ക്ഷണമനുസരിച്ചു് ഈ യോഗത്തിൽ സന്നിഹിതരായിട്ടുള്ള നിങ്ങൾക്കേവക്കും അ. ലോ. സ. പിയുടെ പേരിൽ എൻെറ വിനീതമായ കൃപ്പുകൈ. ഞങ്ങൾ പ്രസംഗത്തിൽ വിശ്വസിക്കുന്നവരല്ല. പ്രത്യുത, കാര്യക്ഷമമായ പ്രവത്തിയാണു് ഞങ്ങളുടെ പ്രധാന ലക്ഷ്യം. അതുകൊണ്ടു് തീപ്പൊരി പ്രസംഗങ്ങളോ മൈതാന ഗാനങ്ങളോ നിങ്ങൾ പ്രതീക്ഷിക്കേണ്ട. നമ്മുടെ പാർട്ടി സ്ഥാനാത്ഥിയായ കെ. കെ. മേനോനെ പരിചയമില്ലാത്തവർ ഇവിടെയുണ്ടായിരിക്കയില്ലെന്നു് എനിക്കു് ധൈയ്യമുണ്ടു്. അദ്ദേഹം ഇവിടെ സ്ഥാനാത്ഥിയായി നില്ക്കാമെന്നു സമ്മതിച്ചതുതന്നെ നമ്മുടെ ഒരു മഹാഭാഗ്യമാണു്. അദ്ദേഹം നാടിനും നാട്ടാക്കും ചെയ്യാൻ പോകുന്ന നല്ല കാര്യങ്ങളെപ്പററി നിങ്ങളെ ധരിപ്പിക്കുന്നതാണു്. ഞാനദ്ദേഹത്തെ പ്രസംഗത്തിന് ക്ഷണിച്ചുകൊള്ളുന്നു. (കരഘോഷം.)

(ഭാസ്കർ പ്ലാററു് ഫാറത്തിലുള്ള കസേരയിലിരിക്കുന്നു. വക്കീൽ പ്രസംഗമാരംഭിക്കുന്നു.)

വക്കീൽ:—പ്രിയ സഖാക്കളെ! ഇന്നു വലിയ മഹാന്മാരെല്ലാം അവരുടെ പ്രസംഗം എഴുതി വായിക്കുന്ന

തു് നിങ്ങൾ കണ്ടിട്ടും കേട്ടിട്ടുമുണ്ടാകുമല്ലോ. അതുകൊണ്ടുതന്നെയാണു് ഞാനും എൻെറ പ്രസംഗം എഴുതി വായിക്കാമെന്നു കരുതിയതു്. പ്രിയ വോട്ടർമാരെ! ഈ യോഗത്തിൻെറ ഉദ്ദേശം നിങ്ങൾക്കേവെക്കുമറിയാമല്ലോ. ഞാനൊരു പ്രസിദ്ധ പ്രാസംഗികനല്ല. പ്രൌഢഗംഭീരമായ ഒരു പ്രസംഗം ചെയ്തു സദസ്യരെ ആവേശഭരിതരാക്കുവാനുള്ള വാഗ്ദാടിയോ മോടിയോ എനിക്കില്ല. എന്നാൽ പിന്നെ ഞാൻ ഒരു സ്ഥാനാത്ഥിയായതെന്തിനാണെന്നു നിങ്ങൾ ഒരു പക്ഷെ ചോദിക്കുമായിരിക്കാം. സ്വാഗത പ്രാസംഗികൻ പറഞ്ഞതുപോലെ ഞാനും എന്റെ പാർട്ടിയും പ്രസംഗത്തിലല്ല വിശ്വസിക്കുന്നതു്. പ്രത്യുത, കാര്യക്ഷമമായ പ്രവത്തനത്തിലാണു്. ഇന്നു കേരളത്തെ അഭിമുഖീകരിക്കുന്ന സങ്കീണ്ണപ്രശ്നങ്ങൾക്കു കാര്യക്ഷമമായ പരിഹാരം കാണുകയാണു് എൻേറയും എൻെറ പാർട്ടിയുടേയും പ്രധാന കത്തവ്യം.

നമ്മുടെ ജനങ്ങളുടെയിടയിലുള്ള തൊഴിലില്ലായ്മയാണു് നമ്മളെ അലട്ടുന്ന പ്രഥമവും പ്രധാനവുമായ പ്രശ്നം. ഞങ്ങളുടെ പാർട്ടി അധികാരത്തിൽ വരുമ്പോൾ തൊഴിലില്ലാത്തവക്കെല്ലാം തൊഴിലില്ലായ്മവേതനം നല്കുന്നതാണു്. വിദ്യാഭ്യാസം സാവ്വത്രികമാക്കാൻ വിദ്യാഭ്യാസം സകല ക്ലാസ്സുകളിലും സൌജന്യമാക്കുന്നതാണു്. (കരഘോഷം.) വിദ്യാലയങ്ങളിൽ ഇന്നു കാണുന്ന detention സമ്പ്രദായം നിശ്ശേഷം നിറുത്തലാക്കുന്നതാണു്. (വിദ്യാത്ഥികളുടെ കരഘോഷം) ഇന്നു നമ്മുടെ നാട്ടിൽ,

പട്ടണങ്ങളിൽ പ്രത്യേകിച്ചു, താമസിക്കുവാൻ വീടു കിട്ടാൻ വളരെ പ്രയാസമാണു്. ഇതിൻെറ പരിഹാരാൎത്ഥം ഓരോ കുടുംബത്തിനും വീടുപണിതു നിസ്സാര വാടകക്കു കൊടുക്കുന്നതാണു്. നമ്മുടെ നാട്ടിലെ ആരോഗ്യനില തീരെ മോശമാണു്. ആരോഗ്യസംരക്ഷണം ഞങ്ങളുടെ പാൎട്ടിയുടെ സവിശേഷമായ ശ്രദ്ധക്കു വിഷയീഭവിക്കുന്നതാണു്. എല്ലാവൎക്കും സൌജന്യ വൈദ്യസഹായം നല്കുന്നതാണു്. സ്ത്രീകളുടെ അവശതകൾ പരിഹരിക്കുവാൻ ഞങ്ങാം അങ്ങേയററം പരിശ്രമിക്കും. എല്ലാ കാൎയ്യങ്ങളിലും സ്ത്രീകൾക്കു പരിപൂൎണ്ണ സ്വാതന്ത്ര്യവും സമത്വവുമനുവദിക്കുന്നതാണു്. (മാധവിക്കുട്ടി ഹൎഷാരവം മുഴക്കുന്നു. മീനാക്ഷി അവളെയും വക്കീലിനേയും സംശയദൃഷ്ട്യാ നോക്കുന്നു.) ഇന്നു സമുദായത്തിൽ നിലവിലിരിക്കുന്ന ദൂഷിച്ച സ്ത്രീധന സമ്പ്രദായം നിശ്ശേഷം നിറുത്തലാക്കുന്നതാണു്.

പരമുപിള്ള:—അതിപ്പോൾ അത്യാവശ്യമാണു്.

(വക്കീൽ പ്രസംഗം തുടരുന്നു.)

ജനങ്ങൾക്കു വ്യവഹാരം നടത്തുവാൻ വക്കീലന്മാരുടെ സൌജന്യസേവനം ലഭ്യമാക്കുന്നതാണു്. വക്കീലന്മാരുടെയിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി എല്ലാ വക്കീലന്മാൎക്കും ഒരു നിശ്ചിത ശമ്പളം നല്കും.

പരമുപിള്ള:—ഗുമസ്തന്മാൎക്കും ചിലവിനുള്ള കാശു കൊടുക്കണം.

വക്കീൽ:—അവരുടെ കാര്യവും എന്റെ ഓർമ്മയിലുണ്ട്. ഇങ്ങനെ നിരവധി നല്ല കാര്യങ്ങൾ ഞങ്ങളുടെ പാർട്ടി അധികാരത്തിൽ വന്നാൽ നടപ്പിൽ വരുത്തുന്നതാണ്. അതു കൊണ്ട് നിങ്ങളുടെ വിലയേറിയ വോട്ടുകൾ നല്കി അ. ലോ. സ. പി സ്ഥാനാർത്ഥികളെ ജയിപ്പിച്ച് നാട്ടാർക്കും നാടിനും നന്മ വരുത്തുമെന്നുള്ള പൂർണ്ണവിശ്വാസത്തോടെ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. (കരഘോഷം)

ഭാസ്കർ:—അടുത്തതായി ശ്രീമതി മാധവിക്കുട്ടി പ്രസംഗിക്കുന്നതാണ്.

(മാധവിക്കുട്ടി പ്ലാറ്റു ഫാറത്തിൽ കയറി തൊഴുന്നു. അനന്തരം പ്രസംഗമാരംഭിക്കുന്നു.)

മർത്ത്യതരായ എന്റെ പ്രിയ സഹോദരികളെ! പെൺമലയാളമെന്നു പേരുകേട്ട കേരളത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന അവശതകൾ അനവധിയാണ്. നമ്മുടെ അവശതകൾ ഇല്ലാതാക്കുന്നതിനും അവകാശങ്ങൾ പിടിച്ചു പറവുന്നതിനും പററിയ സുവർണ്ണാവസരമാണിതു്. കേരളത്തിലെ വോട്ടർമാരിൽ ഭൂരിപക്ഷം സ്ത്രീകളാണ്. അതുകൊണ്ട് ഇവിടത്തെ നിയമസഭയിലും മന്ത്രിസഭയിലും നമുക്കു ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കണം. അതനുവദിക്കാത്ത പാർട്ടികൾക്കൊ സ്ഥാനാർത്ഥികൾക്കൊ നമ്മുടെ വിലയേറിയ വോട്ടുകൾ കൊടുക്കരുതു്. ഇവിടെ എത്ര മന്ത്രിസഭകൾ അടുത്ത കാലത്തു് ഉടലെടുത്തു? അതിൽ സ്ത്രീകൾക്കു് വല്ല സ്ഥാ

നവും നല്കിയോ? അതുകൊണ്ടു തന്നെയാണ് അവയെല്ലാം തകൻ തരിപ്പണമായതു്. ഇവിടത്തെ രാഷ്ട്രീയ സ്തംഭനാവസ്ഥ ഇല്ലാതാക്കണമെങ്കിൽ സ്ത്രീകൾ ഭരണഭാരം ഏറെറടുക്കണം. ഇതു വെറും ദിവാസ്വപ്നമായി നിങ്ങൾ കരുതേണ്ട. നവഭാരതത്തിൽ എത്ര സ്ത്രീരത്നങ്ങളാണ് പൊതുകാര്യങ്ങളിൽ അവക്കുള്ള ശേഷിയും ശേമുഷിയും പ്രകടമാക്കിയിട്ടുള്ളതു്? കേന്ദ്രത്തിലെ ആരോഗ്യവകുപ്പു മന്ത്രി ആരായിരുന്നു. ബംഗാളിൽ മന്ത്രിമാരെ നിയന്ത്രിക്കുന്ന ഗവണ്ണർ ആരാണ്? ഐക്യരാഷ്ട്ര സംഘടനയുടെ അദ്ധ്യക്ഷയായി ശ്രീമതി വിജയലക്ഷ്മി പണ്ഡിററ് വിജയശ്രീലാളിതയായി വിരാജിച്ചില്ലേ? എന്തിനത്ര ദൂരം പോകുന്നു. ആസ്ഡ്റായിൽ ഒരു പഞ്ചായത്തിലെ സകല അംഗങ്ങളും സ്ത്രീകളാണ്. പെൺമലയാളമെന്ന പേരു കേട്ട കേരളത്തിൽ എന്തുകൊണ്ടു് ഒരു സ്ത്രീ മുഖ്യമന്ത്രിണി ആയിക്കൂടാ? ആണുങ്ങൾ ഭരിച്ചു ഭരിച്ചു് രാജ്യത്തു് കുഴപ്പത്തിനുമേൽ കുഴപ്പം വരുത്തിവെച്ചു. ഇനി അവർ അല്പം ഒന്നുമാറി നില്ക്കട്ടെ. നമുക്കൊന്നു ഭരിച്ചു നോക്കാം!

സ്ത്രീകൾ കുടുംബത്തിൻെറ റാണികളാണെന്നും മററും പുരുഷകോകിലങ്ങൾ പാടാറുണ്ടു്. ഈ പ്രശംസയുമെല്ലാം നമ്മളെ അടുക്കളയിൽ അടിമകളാക്കി നിറുത്താനുള്ള സൂത്രമാണു്. അവരുടെ ഈദൃശ കെണികളിൽ നാം അകപ്പെടരുതു്. ഇത്രയുംകാലം നാം പുരുഷമേധാവിത്വത്തിൻകീഴിൽ മർദ്ദിതരായി കഴിഞ്ഞുകൂടി. ഈ അ

ടിമത്വശൃംഖല തല്ലിത്തകൎത്തു സ്വതന്ത്രരായി ജീവിക്കേണ്ടകാലം അതിക്രാന്തമായിരിക്കുന്നു. അതിനു നാം ഊൎജ്ജസ്വലരായി പ്രവൎത്തിക്കണം. ഇനിമേൽ രാഷ്ട്രീയകാര്യങ്ങൾ നമുക്കു കൈകാര്യം ചെയ്യാം. പുരുഷന്മാർ അടുക്കളയിലേക്കു പോകട്ടെ. "ചലോ അടുക്കളയിലേക്കു്" എന്നതായിരിക്കണം ആണുങ്ങളോടുള്ള നമ്മുടെ ആഹ്വാനം.

അ. ലോ. സ. പി. സ്ത്രീധനം നിശ്ശേഷം നിരുത്തലാക്കുമെന്നു ഇവിടത്തെ സ്ഥാനാൎത്ഥി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചല്ലൊ. എന്നാൽ അതുകൊണ്ടു മാത്രം നാം സംതൃപ്തരാകരുതു്. ഇനി നമ്മളെ വിവാഹം കഴിക്കണമെങ്കിൽ പുരുഷൻ നമുക്കു 'പുരുഷധനം' തരണം. പുരുഷധനം നല്കാത്ത പുരുഷനെ ആരും വിവാഹം കഴിക്കരുതു്. അഥവാ വല്ലവരും ഈ നിയമം ലംഘിക്കുന്നതായാൽ ആ കരിങ്കാലിയുടെ മുമ്പിൽ കരിങ്കൊടി പിടിച്ചു സത്യാഗ്രഹവും പിക്കററിംഗും നടത്തണം!

നമ്മുടെ അവശതകളുടെ ഒരു നീണ്ട പട്ടിക ഉദ്ധരിച്ചു നിങ്ങളുടെ ക്ഷമയുടെ ആഴത്തെ അളന്നു നോക്കുവാൻ ഞാൻ മുതിരുന്നില്ല. നമ്മുടെ പരിഷ്കൃതമായ വസ്ത്രധാരണത്തെപ്പററി യാഥാസ്ഥികരായ എത്ര പുരുഷപ്പരിഷകളാണു് നമ്മളെ ആക്ഷേപിക്കുന്നതു്? രാജ്യത്തെ വസ്ത്രക്ഷാമം പരിഹരിക്കുന്നതിനും കഴിയുന്നതും തുണി വിദേശത്തേക്കു കയററി അയച്ചു ഡോളർ സമ്പാദിക്കുന്ന

തിനുംവേണ്ടി കാലിഞ്ചു നീളവും അരയിഞ്ചു വീതിയുമുള്ള ബ്ലൌസിട്ടു അർദ്ധനഗ്നരായിട്ടുപോലും രാഷ്ട്രത്തെ സേവിക്കുമ്പോൾ അത്തരം വസ്ത്രധാരണത്തിൻെറ നേരെ പല്ലിളിച്ചു കാട്ടുന്ന അപരിഷ്കൃതരെപ്പററി എന്താണു് പറയുക? അതുപോലെ തന്നെ ആണുങ്ങൾ തലമുടി crop ചെയ്തു തലയ്ക്കു ഭാരം കുറച്ചു വളരെ free ആയിട്ടു നടക്കുമ്പോൾ സ്ത്രീകളെക്കൊണ്ടു തലമുടി വളർത്തിച്ചു കഷ്ടത അനുഭവിപ്പിക്കുന്നു. ഈ കേശഭാരം വല്ലവിധത്തിലും ഒന്നൊതുക്കി കെട്ടിവച്ചാൽ, അതിനെ പന്നിവാൽ, കോഴിവാൽ, ഉഴുന്നുവട, പൂട്ടുംകുററി എന്നൊക്കെപ്പറഞ്ഞു ആണുങ്ങൾ നമ്മളെ അധിക്ഷേപിക്കുന്നു. അതുകൊണ്ടു ഇനിമേൽ സ്ത്രീകളും മുടി crop ചെയ്യണമെന്നു ഒരു നിയമമുണ്ടാക്കണം.

ഇങ്ങനെ നോക്കുന്നതായാൽ സ്ത്രീകൾ അനുഭവിക്കുന്ന അവശതകൾ നിരവധിയാണു്. ഇതിനെല്ലാം പരിഹാരം കണ്ടെത്താൻ പ്രാപ്തരായ സ്ഥാനാർത്ഥികൾക്കു മാത്രമേ നമ്മുടെ വിലയേറിയ വോട്ടുകൾ നൽകാൻ പാടുള്ളു. അ. ലോ. സ. പിക്കാർ മന്ത്രിസഭയിൽ സ്ത്രീകൾക്കു അമ്പതുശതമാനം സ്ഥാനങ്ങൾ തരാമെന്നു സമ്മതിച്ചിട്ടുണ്ടു്. കൂടാതെ ആറുമാസം ഒരു പുരുഷൻ മുഖ്യമന്ത്രിയായിരുന്നാൽ അടുത്ത ആറുമാസം ഒരു സ്ത്രീയെ മുഖ്യമന്ത്രിണിയാക്കാമെന്നും അവർ സമ്മതിച്ചിട്ടുണ്ടു്. തന്നെയുമല്ല, സ്ത്രീധന നിരോധനബിൽ, വസ്ത്രധാരണ പരിഷ്കാരബിൽ അടുക്കളെ അടിമത്വ ദൂരീകരണബിൽ, തലമുടി cropping

നിർബ്ബന്ധമാക്കാനുള്ള ക്രോപ്പിംഗ്ബിൽ, ആദിയായ പുരോഗമനപരങ്ങളായ പല ബില്ലുകളും നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽതന്നെ പാസ്സാക്കുന്നതാണ്. അതുകൊണ്ടു നമ്മൾ അ. ലോ. സ. പി സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യണം. എന്നാൽ മാത്രമേ സമത്വസുന്ദരവും പരിപൂർണ്ണസ്വാതന്ത്ര്യവുമുള്ള ഒരു വനിതാലോകം കെട്ടിപ്പടുത്തുയർത്തുവാൻ സാധിക്കുകയുള്ളു. ആ മഹായജ്ഞത്തിൻെറ കാഹളധ്വനികൾ സ്ത്രീഹൃദയങ്ങളിൽ അലതല്ലട്ടെയെന്നുള്ള ആഹ്വാനത്തോടും ആകാംക്ഷയോടുംകൂടി എൻെറ എളിയ പ്രസംഗം ഞാൻ ഉപസംഹരിക്കുന്നു. (സ്ത്രീകളുടെ അനുസ്യൂത കരഘോഷം.) അ. ലോ. സ. പി. സിന്ദാബാദ്! പുരുഷമേധാവിത്വം മൂർദാബാദ്!! ജയ് വനിതാലോകം!!! എന്നീ മുദ്രാവാക്യങ്ങൾ സദസ്സിലുള്ള സ്ത്രീകൾ വിളിക്കുന്നു.

(മീനാക്ഷി, വക്കീൽ, പരമുപിള്ള ശേഖർ എന്നിവർ സ്റ്റേജിൻെറ ഒരു ഭാഗത്തുകൂടി പോകുന്നു. മാധവിക്കുട്ടിയും ഭാസ്കറും മററെ അററത്തു നിന്നു സംസാരിക്കുന്നു.)

ഭാസ്കർ:—പ്രസംഗം കേമമായി. എന്തൊരു ആവേശം! വനിതാ വിഭാഗത്തിനു പററിയ സെക്രട്ടറി തന്നെ.

മാധവിക്കുട്ടി:—എന്തിനിങ്ങനെ കളിയാക്കുന്നു?

ഭാസ്കർ:—ഞാനിപ്പോൾ പറയുന്നതെല്ലാം എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നു വരുന്ന വികാരങ്ങളാണ്. മുഖസ്തുതി പറയുവാൻ ഞാൻ പഠിച്ചിട്ടി

ല്ലെന്നു തന്നെയല്ല, ഞാൻ അങ്ങേയററം വെറുക്കുന്ന ഒരു കാര്യമാണ്.

മാധവിക്കുട്ടി:—ആണുങ്ങളെ കുററം പറഞ്ഞതു അത്ര രസിച്ചില്ലായിരിക്കും അല്ലേ?

ഭാസ്കർ:—സ്ത്രീകളെ അടിമകളെപ്പോലെ കരുതുന്ന ഒരു പിൻതിരിപ്പനല്ല ഞാൻ. നിങ്ങൾക്കു സമത്വവും സ്വാതന്ത്ര്യവും വേണമെന്നാണെൻെറ അഭിപ്രായം.

മാധവിക്കുട്ടി.— ഇക്കാര്യത്തിൽ നിങ്ങൾ എന്നോടു യോജിക്കുന്നുണ്ടെന്നറിഞ്ഞതിൽ എനിക്കു വളരെ സന്തോഷം.

ഭാസ്കർ:—ഇക്കാര്യത്തിൽ മാത്രമല്ല, എല്ലാററിലും.

(വക്കീലും മീനാക്ഷിയും പ്രവേശിക്കുന്നു.)

മീനാക്ഷി:—നേരം വളരെ വൈകി. വരൂ വീട്ടിൽ പോകാം.

ഭാസ്കർ:—ഞങ്ങൾ ഇലക്ഷൻ കാര്യങ്ങൾ പറയുകയായിരുന്നു.

വക്കീൽ:—ഭാസ്കർ നാളെ വീട്ടിൽ വരണം. അവിടെവെച്ചു ഭാവിപരിപാടികൾ തയ്യാറാക്കാം.

ഭാസ്കർ:—എന്നാൽ അങ്ങനെയാകട്ടെ.

(വക്കീലും മീനാക്ഷിയും മാധവിക്കുട്ടിയും പോകുന്നു. മാധവിക്കുട്ടി തിരിഞ്ഞു നോക്കുന്നു. ഭാസ്കർ പുഞ്ചിരി തൂകുന്നു.)

കർട്ടൻ

## രംഗം നാല്

(വക്കീലിൻെറ ആഫീസു മുറി. രണ്ടാം രംഗത്തിലെ സംവിധാനം തന്നെ. എന്നാൽ ചില്ലളമാരി, ഫാൻ എന്നിവകളില്ല. വക്കീൽ അക്ഷമനായി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. വേഷം ഖദർ മുണ്ടും ജൂബയും. മീനാക്ഷി പ്രവേശിക്കുന്നു.)

മീനാക്ഷി.—മാസം മൂന്നു കഴിഞ്ഞില്ലേ? ഒരു കാശെങ്കിലും ഇതുവരെ സമ്പാദിച്ചോ? നിത്യച്ചെലവിനായി വീട്ടിലെ സാമാനങ്ങളോരോന്നായി വിററു. ഈ പോക്ക് എവിടെ ചെന്നവസാനിക്കുമോ ആവോ?

വക്കീൽ:—ഇങ്ങനെ കൊള്ളിവാക്കുകൾ പറഞ്ഞു എന്നെ അലട്ടല്ലേ. ഈ ഇലക്ഷൻ ജയിക്കുന്നതോടുകൂടി നമ്മുടെ കഷ്ടകാലമെല്ലാമവസാനിക്കും. പിന്നെ എൻെറ മീന! മന്ത്രിയുടെ ഭാര്യയാണ്!! അന്നത്തെ സ്ഥിതിയെന്തായിരിക്കും?

മീനാക്ഷി:—വല്യസ്ഥിതിയൊന്നും വേണ്ട. നാണക്കേടില്ലാതെ ഈയുള്ളവളുടെ ജീവിതമങ്ങവസാന

ച്ചാൽമതി. മാധവിക്കുട്ടിയുടെ കാര്യമോൎക്കുമ്പോൾ എ ൻെറ ഹൃദയം തകരുന്നു.

വക്കീൽ:—മീനയ്ക്കു് എന്റെ master plan-ൽ ഇപ്പോഴും വിശ്വാസമില്ല അല്ലേ? ഈ തെരഞ്ഞെടുപ്പു ബഹളമൊന്നു കഴിയട്ടെ. അപ്പോഴെക്കും ഡോക്ടർ വഴി പ്പെട്ടും.

മീനാക്ഷി.—ആഫീസു പരിഷ്കരിച്ചാലുടൻ കേ സ്സിൻെറ ബഹളമായിരിക്കുമെന്നു പറഞ്ഞില്ലേ? അതു പോലെ തന്നെയിരിക്കും ഡോക്ടർ വഴിപ്പെടുന്ന കാര്യവും.

വക്കീൽ:—(കാലൊച്ച കേട്ടിട്ടു്) ആരോ വരുന്നു ണ്ടു്. എൻെറ മീന അല്പം അടങ്ങിയിരിക്കു.

(ഡോക്ടർ പ്രവേശിക്കുന്നു)

വക്കീൽ:—Good morning doctor. കുറച്ചു ദിവസമായി കാണാറില്ലല്ലോ?

മീനാക്ഷി:—ഞങ്ങളെയൊക്കെ മറന്നിരിക്കാം।

ഡോക്ടർ:—ഞാൻ കുറച്ചു busy ആയിരുന്നു.

(വക്കീൽ മീനാക്ഷിയോടു കാപ്പികൊണ്ടുവരാനാംഗ്യം കാണിക്കുന്നു. മീനാക്ഷി പോകുന്നു.)

വക്കീൽ:—ഇലക്ഷൻ ബഹളം കാരണം എ നിക്കങ്ങോട്ടു വരാൻ കഴിഞ്ഞില്ല.

ഡോക്ടർ.—എങ്ങനെയിരിക്കുന്നു ഇലക്ഷൻ കാ ര്യങ്ങളെല്ലാം? നമ്മുടെ കേശവൻ മുതലാളി നില്ക്കുന്നു

ണ്ടെന്നു കേട്ടല്ലോ? അയാൾ പണം ചാക്കു ചാക്കായി ചെലവാക്കില്ലേ?

വക്കീൽ:—അയാൾക്കു ചില കൺട്റാക്ട്കൾ ഉള്ളതുകൊണ്ടു അയാളുടെ നോമിനേഷൻ പേപ്പർ തള്ളിക്കളയും. ഇന്നാണു് Scrutiny. വിവരമറിയാൻ നമ്മുടെ ഗുമസ്തൻ പോയിട്ടുണ്ട്.

ഡോക്ടർ:—അയാളുടെ നോമിനേഷൻ പേപ്പർ തള്ളിക്കളഞ്ഞാൽ ഭാഗ്യമായി. തള്ളിക്കളഞ്ഞില്ലെങ്കിലോ?

വക്കീൽ:—പണംകൊണ്ടു ഇലക്‌ഷൻ ജയിക്കാവുന്ന കാലമൊക്കെ കഴിഞ്ഞു. ഇപ്പോൾ സ്ഥാനാർത്ഥിയുടെ യോഗ്യത നോക്കിയാണു് ആളുകൾ വോട്ടു ചെയ്യുന്നതു്. പിന്നെ, ഡോക്ടരെപ്പോലെയുള്ളവരുടെ സഹായമുള്ളപ്പോൾ ഭയപ്പെടാനണ്ടോ?

ഡോക്ടർ:—കുറച്ചു ദിവസത്തേക്കു് ഞാനിവിടെയുണ്ടായിരിക്കില്ല. നാളെ വീട്ടിൽ പോകയാണു്. അടുത്ത ബുധനാഴ്ചയാണു് എന്റെ മാരിയേജ്—

(ഹാ എന്നു പറഞ്ഞു വക്കീൽ മേശപ്പുറത്തു തല ചായ്ച്ചു കിടക്കുന്നു. ട്രേയിൽ കാപ്പികൊണ്ടുവന്ന മാധവിക്കുട്ടിയുടെ കയ്യിൽനിന്നു ട്രേയും കപ്പുമെല്ലാം വീഴുന്നു. ഇതെല്ലാം കണ്ടു് ഡോക്ടർ അമ്പരക്കുന്നു.)

ഡോക്ടർ:—എന്തുപററി? മി. മേനോൻ?

വക്കീൽ:— (പതുക്കെ മുഖമുയർത്തിക്കൊണ്ടു്) പെട്ടെന്നു വയററിൽ ഒരു വേദന വന്നു.

ഡോക്ടർ:—ഞാൻ ഒന്നു examine ചെയ്യാം. വല്ല appendicitis മറേറാ ആണോ?

വക്കീൽ:—ഹേയ്. അതൊന്നുമാവില്ല. രാവിലെ വയറിളക്കാൻ ആവണക്കെണ്ണ കുടിച്ചു. Dose അല്പം കൂടിയോയെന്നു സംശയം. ഞാനല്പം ഒന്നു വിശ്രമിക്കട്ടെ.

ഡോക്ടർ:—ശരി. എന്നാൽ ഞാൻ പോകട്ടെ. നിങ്ങളെയെല്ലാവരേയും മാരിയേജിനു personal ആയി ക്ഷണിക്കാനാണ് ഞാൻ വന്നതു്. സൌകര്യപ്പെട്ടാൽ വൈകുന്നേരം വരാം. അപ്പോഴേക്കും വയററിലെ വേദനക്കു് കുറവില്ലെങ്കിൽ ഞാൻ examine ചെയ്യാം. കല്യാണക്കാര്യം വീട്ടുകാരോടു പറയുമല്ലോ. വക്കീൽ സ്വസ്ഥമായിരിക്കുക. ഞാൻ പോകട്ടെ.

(ഡോക്ടർ പോകുന്നു.)

('പ്ലാനും പദ്ധതിയുമൊക്കെയെന്തായി' എന്നലറിക്കൊണ്ടു് മീനാക്ഷി പ്രവേശിക്കുന്നു.)

വക്കീൽ:—അയാളെ ഞാൻ ഒരു പാഠം പഠിപ്പിച്ചേക്കാം. ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ വീടൊഴിഞ്ഞു തരണമെന്നു പറഞ്ഞു ഇപ്പോൾ തന്നെ രജിസ്റ്റർ നോട്ടീസു കൊടുക്കാൻ പോകയാണു്.

മീനാക്ഷി:—വലിയ കാര്യമായി! അപ്പോൾ ആ വാടകയും നഷ്ടപ്പെടും!!! അല്ലാതെന്തു ഗുണം?

വക്കീൽ:—വാടക നഷ്ടം! അതു സാരമില്ല. ആ കെട്ടിടം ഇലക്ഷൻ ഓഫീസായി ഉപയോഗിക്കാം.

മീനാക്ഷി:—ഇനി തെരഞ്ഞെടുപ്പിലും തോററു തൊപ്പിയിടുമ്പോൾ എല്ലാം തികയും.

വക്കീൽ:—നിൻെറ കരിനാക്കാണു് ഈ ആപത്തെല്ലാം വരുത്തിക്കൂട്ടുന്നതു്. (പുറത്തു ശബ്ദം കേട്ടിട്ടു്) കക്ഷികൾ വരുന്നുണ്ടു്.

മീനാക്ഷി:—കക്ഷികൾ! യക്ഷികളായിരിക്കും! ഞാൻ പോയി എൻെറ മാധവിക്കുട്ടിയെ സമാധാനപ്പെടുത്തട്ടെ.

(മീനാക്ഷി പോകുന്നു. പരമുപിള്ളയും ഭാസ്കരും പ്രവേശിക്കുന്നു. രണ്ടു പേരും ഒന്നും പറയാതെ മ്ലാനവദരായി നില്ക്കുന്നു.)

വക്കീൽ:—(ഉൽക്കണ്ഠയോടെ) Scrutiny എന്തായി? മുതലാളിയുടെ പേപ്പർ തള്ളിയില്ലേ?

(രണ്ടുപേരും ഉത്തരമൊന്നും പറയാതെ കീഴ്പ്പോട്ടു നോക്കിനില്ക്കുന്നു.)

വക്കീൽ:—നിങ്ങളെന്താണു് കുലവെട്ടിയ കുററിവാഴപോലെ നില്ക്കുന്നതു്? എന്തുണ്ടായി? കാര്യം തുറന്നു പറയൂ.

ഭാസ്കർ:—സാറു കെ. കെ. മേനോൻ എന്നു പേരുമാററിയതു് ഗസററിൽ പ്രസിദ്ധം ചെയ്തിരുന്നോ?

വക്കീൽ:—ഇല്ല. അതുകൊണ്ടു്?

ഭാസ്കർ:—ആ പേരുമാററം നിയമപ്രകാരം അംഗീകരിക്കാൻ സാദ്ധ്യമല്ലെന്നാണു് Returning officer

പറഞ്ഞതു്. ആ കാരണം പറഞ്ഞു നമ്മുടെ നോമിനേഷൻ പേപ്പർ തള്ളി.

വക്കീൽ:— (തൊണ്ടയിടറി) അപ്പോൾ ആ ആശയും അവസാനിച്ചു! ആപത്തു വരുമ്പോൾ കൂട്ടത്തോടെ!!

ഭാസ്കർ:—നമുക്കു് അപ്പീൽ കൊടുക്കാം.

(മീനാക്ഷി പ്രവേശിക്കുന്നു.)

മീനാക്ഷി:—എന്തപ്പീലാണു് കൊടുക്കാൻ പോകുന്നതു്. ഡോക്ടരുടെ പേരിലാണോ?

പരമുപിള്ള:—അല്ല. നമ്മുടെ ഇലക്ഷൻ കടലാസ്സു് തള്ളിക്കളഞ്ഞു. അതിനെതിരായിട്ടുള്ള അപ്പീൽ.

മീനാക്ഷി:—(ദ്വേഷ്യഭാവത്തിൽ) ഇനി അപ്പീലും വക്കീൽപ്പണിയും വേണ്ട. (ഭാസ്കറിനോടു്) തന്റെ അ. ലോ. ന. പിയുടെ അലോഹ്യം ഇനിയെങ്കിലും അവസാനിപ്പിച്ചു കൂടേ?

വക്കീൽ:—മീന എന്താണു് ഇത്ര വകതിരിവില്ലാതെ പെരുമാറുന്നതു്? അദ്ദേഹം എത്ര മാന്യനായ ഒരാളാണു്? നമ്മുടെ കഷ്ടകാലം. അതിനു അദ്ദേഹത്തെ കുററം പറഞ്ഞിട്ടെന്തു ഫലം?

പരമുപിള്ള:—സാറിന്റെ കഷ്ടകാലമല്ല. ഈ നാടിന്റെ കഷ്ടകാലമാണു്. ഇവിടെയുള്ളവൎക്കു ഒരു നല്ല മന്ത്രിയെ നഷ്ടപ്പെട്ടു! അത്ര തന്നെ.

JAWAHAR SMARAKA GRANDHASALA KIDARAKKUZHI Reg. 2273

മീനാക്ഷി:—ആട്ടെ. ഇനി ഈ അടുവാക്കേററുദ്യോഗം വേണ്ട. (ഓടിച്ചെന്നു ബോർഡു വലിച്ചെടുത്തു ദൂരെയെറിയുന്നു.)

വക്കീൽ:—(അത്ഭുതത്തോടെ) എന്താ! മീനക്കു ഭ്രാന്തായോ?

മീനാക്ഷി:—എനിക്കല്ല ഭ്രാന്ത്. നിങ്ങൾക്കും നിങ്ങളുടെ കൂട്ടുകാർക്കുമാണ്. എന്റെ പണവും പോയി! മാധവിക്കുട്ടിക്കു മാനക്കേടും വരുത്തിവെച്ചു!!

(പരമുപിള്ള ഭാസ്കറിനോടു വേഗം പോകാൻ ആംഗ്യം കാണിക്കുന്നു. ഭാസ്കർ പോകുന്നു)

വക്കീൽ:—മീന ഇങ്ങനെ നിരാശപ്പെടല്ലേ. ഈ കഷ്ടകാലമെല്ലാം മാറി ഒരു നല്ല കാലം വരും.

മീനാക്ഷി.—നല്ലകാലം! അതിനി അങ്ങേ ലോകത്തിലായിരിക്കും. ഇനിയെങ്കിലും ഈ വക്കീലുദ്യോഗം വേണ്ടെന്നുവെച്ചു വേറെ വല്ല ജോലിയും നോക്കിക്കൂടെ?

വക്കീൽ:—നമ്മുടെ അന്തസ്സിനു പററിയ ജോലി കിട്ടണ്ടേ?

മീനാക്ഷി:—വല്ല സ്കൂളിലും വാദ്ധ്യാരാകാൻ നോക്കിയാലെന്താണ്?

വക്കീൽ:—(വിസ്മയത്തോടെ) ഒരു advocate വെറും അദ്ധ്യാപകനാകുകയോ?

മീനാക്ഷി:—എന്നാൽ കഞ്ഞികുടിക്കുവാനുള്ള കാശെങ്കിലും കിട്ടും. അടുവാക്കേററായിരുന്നിട്ടു ഒരു കാശെങ്കിലും കിട്ടുന്നില്ലല്ലോ?

പരമുപിള്ള:—ബി. എൽ. പാസ്സായിട്ടു വാദ്ധ്യാരാകുകയോ? സാറു ഇത്രയ്ക്കധഃപതിച്ചോ?

മീനാക്ഷി:—(അരിശത്തോടെ) നിങ്ങളാണീ കഷ്ടപ്പാടിനെല്ലാം കാരണക്കാരൻ. അടുവാഗേററിനെ പരിഷ്കരിക്കണമെന്നും പറഞ്ഞു രണ്ടായിരം രൂപാ തുലച്ചു. പിന്നെ തെരഞ്ഞെടുപ്പു വകയിൽ കുറെക്കൂടി പണം ധൂർത്തടിപ്പിച്ചു. ബാക്കിയുള്ളതുംകൂടി നശിപ്പിക്കാൻ എന്താണു് വഴിയെന്നു നോക്കുകയാണു് അല്ലേ?

വക്കീൽ.—മീന! പിള്ള എന്തു പിഴച്ചു?

മീനാക്ഷി:—എന്നെ ഇനി മീന, മീനു എന്നൊന്നും വിളിക്കേണ്ട. (പിള്ളയോടു) താൻ ഇനി വേറെ വല്ല അടുവാഗേററിനേയും പരിഷ്കരിച്ചു ശരിപ്പെടുത്താൻ നോക്കൂ. ഈ സൂത്രം ഇനി ഇവിടെ പററില്ല.

പരമുപിള്ള:—വിനാശകാലേ വിപരീതബുദ്ധി! ഉം!

(പോകുന്നു.)

മീനാക്ഷി:—രണ്ടാമത്തെ ശനിയും പോയി. (വക്കീലിനോടു്) ആട്ടെ. വെറുതെ മിഴിച്ചിരിക്കാതെ വല്ല സ്കൂളിലും ഒഴിവുണ്ടോയെന്നു നോക്കൂ. അതെങ്കിലും കിട്ടട്ടെ.

വക്കീൽ:—(നിരാശയോടെ) എന്തു ചെയ്യാനാ? പോക്കററാൽ പുലി പുല്ലും തിന്നണം!

കട്ടൻ.

# രംഗം അഞ്ച്

(വക്കീലിൻെറ ആഫീസ്. ഒരു മേശയും രണ്ടു കസേരകളും മാത്രം. മീനാക്ഷി റോഡിൻെറ ഇരുവശത്തേക്കും നോക്കി സ്റ്റേജിൻെറ മുൻവശത്തു നില്ക്കുന്നു. പ്രാകൃതമായ വേഷം)

മീനാക്ഷി:—ജോലിയന്വേഷിച്ചു പോയിട്ടു മൂന്നു ദിവസം കഴിഞ്ഞല്ലോ? എന്താണാവോ ഇതുവരെയും കാണാത്തതു്? എനിക്കു പേടിയാവുന്നു. ഇവിടെയുള്ളപ്പോൾ ഞാൻ എപ്പോഴും കുററം പറയാറുണ്ട്. ആളില്ലാതായപ്പോഴാണ് എനിക്ക് സങ്കടം തോന്നുന്നതു്. കണ്ണുള്ളപ്പോൾ കണ്ണിൻെറ വിലയറിയില്ല. (വീണ്ടും റോഡിലേക്കു നോക്കി നിരാശയോടെ കസേരയിൽ വന്നിരിക്കുന്നു.) ആ മാധവിക്കുഞ്ഞു പോയിട്ട് ദിവസമെത്രയായി? പാർട്ടിയോഗം എന്നും മററും പറഞ്ഞു ഓരോ സ്ഥലത്തു കറങ്ങി നടക്കുകയാണ്. ചീത്തപ്പേരു കേൾക്കാതിരുന്നാൽ മതി. ഇക്കാലത്തു പെണ്ണുങ്ങൾ ഇത്തരം പാർട്ടികളിൽ പ്രവേശിച്ചാൽ ഒടുക്കം ചീത്തപ്പേരാണ് കിട്ടുക. എൻെറ ഗുരുവായൂരപ്പാ! അവൾക്കപകടമൊന്നുമുണ്ടാ

വല്ലേ! എനിക്കു മനസ്സിൽ വല്ലാത്ത വിഷമം തോന്നുന്നു. ഇതെല്ലാം ഓർത്തിട്ടു ഇന്നലെ രാത്രി കണ്ണടച്ചിട്ടില്ല.

(മീനാക്ഷി മയങ്ങി കിടക്കുന്നു. കുറച്ചു സമയം കഴിഞ്ഞു കിട്ടുണ്ണിമേനോൻ പ്രവേശിക്കുന്നു. മുഷിഞ്ഞവേഷം. വിളറിയ മുഖം. ഒരു കയ്യിൽ കുടയും മറേറ കയ്യിൽ ബാഗുമുണ്ട്)

കിട്ടുണ്ണിമേനോൻ:—അല്ലാ! നട്ടുച്ചക്കാണോ ഉറക്കം?

(മീനാക്ഷി ഞെട്ടിയുണരുന്നു. മേനോൻ ബാഗും കുടയും ഒരററത്തുവെച്ചു കസേരയിലിരിക്കുന്നു.)

മീനാക്ഷി:— എവിടെയായിരുന്നു ഇത്രനാൾ? ഈയുള്ളവൾ ഇവിടെ തനിയെയാണെന്നുള്ള വിചാരമേയില്ല അല്ലേ?

കിട്ടുണ്ണി മേനോൻ:—എന്തു ചെയ്യാനാണ്? രാജ്യത്തുള്ള സ്കൂളിലെല്ലാം പോയി.

മീനാക്ഷി.—എന്നിട്ട്?

കി. മേനോൻ:—അവക്കു ബി. എല്ലുകാരെ വേണ്ടത്രേ! ബി. ടി. ക്കാരെ വേണം പോലും.

മീനാക്ഷി:— എന്താ? ബി എല്ലിലും വലുതാണോ ബി. ടി?

കി. മേനോൻ—വലുതൊന്നുമല്ല. പക്ഷെ സ്കൂളുകാക്കു ബി. എല്ലുകാരെ ആവശ്യമില്ല.

മീനാക്ഷി:—എന്നാ പിന്നെയെന്തിനാണ് ഈ ആവശ്യമില്ലാത്തതൊക്കെ പഠിച്ചതു്?

കി: മേനോൻ— വാദ്ധ്യാരാകാനല്ലല്ലോ ഞാൻ പഠിച്ചതു്? വക്കീലാകാനല്ലേ?

മീനാക്ഷി:—എന്നിട്ടെന്തായി? ഒരു കാശെങ്കിലും ഇതുവരെ കിട്ടിയോ?

(തപാൽ ശിപായി കതകിൽ തട്ടുന്നു. കിട്ടുണ്ണിമേനോൻ എഴുത്തു വാങ്ങിച്ചു കൊണ്ടു വരുന്നു,)

കി. മേനോൻ:— (മേൽവിലാസം നോക്കിയിട്ടു) ദാ. നിനക്കുള്ള എഴുത്താണു്.

(മീനാക്ഷിക്കു എഴുത്തു കൊടുക്കുന്നു.)

മീനാക്ഷി.—(മേൽവിലാസം നോക്കിയിട്ടു) മാധവിക്കുട്ടിയുടെ കൈയ്യക്ഷരമാണല്ലോ! അവൾക്കെന്തു പററി?

(എഴുത്തു വായിക്കുന്നു.)

മീനാക്ഷി:—ചതിച്ചല്ലോ ഭഗവാനേ!

കി. മേനോൻ:—എന്താ? വല്ല അപകടം പററിയോ?

മീനാക്ഷി:— മാധവിക്കുഞ്ഞു ഇങ്ങനെ ചെയ്യുമെന്നു ഞാൻ സ്വപ്നത്തിൽപോലും കരുതിയതല്ല. എല്ലാം തികഞ്ഞു! പാപി ചെല്ലുന്നോടത്തെല്ലാം പാതാളം! ഇനി ഞാൻ ജീവിച്ചിരുന്നിട്ടെന്താണു ഫലം!!

(പൊട്ടിക്കരയുന്നു.)

(മേനോൻ കാര്യമൊന്നും മനസ്സിലാകാതെ പരിഭ്രമിക്കുന്നു. എഴുത്തെടുത്തു് വായിക്കുന്നു.)

കി. മേനോൻ:—ആ ഹാ! ഇത്രയ്ക്കല്ലേയുള്ളൂ! ഭാസ്കറിനെ കല്യാണം കഴിച്ചു! അതിനാണോ നീ കരയുന്നതു്?

മീനാക്ഷി:— (ദ്വേഷ്യത്തോടെ) അതിനെന്താ? അല്ലേ? ഊരും പേരുമില്ലാത്ത ഒരു തെണ്ടിയെയാണോ എൻെറ അനിയത്തി സംബന്ധം ചെയ്യേണ്ടതു്? ഞങ്ങളുടെ തറവാടേതാണെന്നറിയാമോ? ഇനി അമ്മാവന്റെ മുഖത്തു എങ്ങനെ നോക്കും?

(രണ്ടു കൈകൊണ്ടു തലയിലടിച്ചു കരയുന്നു.)

കി. മേനോൻ:—വന്നതെല്ലാം വന്നു. ഇനി കരഞ്ഞിട്ടെന്താണു ഗുണം? ഭാസ്കർ അത്ര മോശക്കാരനൊന്നുമല്ല. അ. ലോ. സ. പി. പ്രസിഡൻറു്! കണ്ടാലും തരക്കേടില്ല!! രണ്ടു വാക്കു പറയാൻ മിടുക്കൻ!!

മീനാക്ഷി.—(ഹാസ്യരസത്തിൽ) കൊള്ളാം! കൊള്ളാം! നിങ്ങളെപ്പോലെതന്നെ കാൽകാശു സമ്പാദിക്കുവാൻ കൊള്ളാത്തവൻ! ഞാൻ അന്നേ വിചാരിച്ചതാണു് ഈ അ. ലോ. സ. പിയും, മീററിംഗും, മാധവിക്കുഞ്ഞിനെ കുടുക്കാനുള്ള വേലയാണെന്നു. ഇനിയെന്തു ചെയ്യാനാ? ഇക്കാര്യം ഇന്നലെയറിഞ്ഞിരുന്നെങ്കിൽ അമ്മാവനേയും കൊണ്ടുചെന്നു് കല്യാണം മുടക്കാമായിരുന്നു! (ഗൽഗദത്തോടെ) എങ്കിലും മാധവിക്കുട്ടി! നീയെന്നോ ഇങ്ങനെ ചതിച്ചല്ലോ! (വീണ്ടും കരയുന്നു.)

JAWAHAR SMARAKA GRANDHASALA VENGANOOR No. 3273

കി. മേനോൻ:—തലയിലെഴുത്തു തലോടിയാൽ പോകില്ലെന്നു കേട്ടിട്ടില്ലേ? അവൾക്കിഷ്ടപ്പെട്ടതു ഭാസ്കറിനെയായിരിക്കാം. അവളുടെ സമ്മതപ്രകാരമല്ലേ കല്യാണം നടന്നതു്?

മീനാക്ഷി:—അവളുടെ സമ്മതം! എന്റെ സമ്മതം നോക്കിയിട്ടാണോ അച്ഛൻ നിങ്ങളെക്കൊണ്ടു സംബന്ധം ചെയ്യിച്ചതു്?

കി. മേനോൻ:—ആ കാലമാണോ ഇപ്പോൾ? ഇപ്പോൾ പെണ്ണുങ്ങൾക്കും സ്വാതന്ത്ര്യം വേണമെന്നു വാദിക്കുന്ന കാലമല്ലേ?

(കാലൊച്ച കേൾക്കുന്നു.)

മീനാക്ഷി:—ഏതു ശനിയാണു് ഇപ്പോൾ കേറി വരുന്നതു്? എന്നെ ഈ വേഷത്തിൽ ആരും കാണേണ്ട.

(മീനാക്ഷി പോകുന്നു. അച്ചുതമേനോൻ പ്രവേശിക്കുന്നു. വേഷം ഖദർ ജൂബയും മുണ്ടും)

അച്ചുതമേനോൻ:—നമസ്കാരം വക്കീൽ സാറേ. എന്നെ മനസ്സിലായോ? ഞാൻ മുമ്പൊരിക്കൽ ഇവിടെ വന്നിട്ടുള്ളതു് ഓർക്കുന്നുണ്ടോ?

കി. മേനോൻ:—(ആലോചിച്ചിട്ടു്) ഓ! എന്തോ ടിക്കറ്റും കൊണ്ടുവന്ന ആൾ അല്ലേ? എന്തുവേണം? ഞാൻ കുറച്ചു busy ആണു്.

അച്യുതമേനോൻ:— (ചിരിച്ചുകൊണ്ടു്) പേടിക്കേണ്ട. ഇത്തവണ പണപ്പിരിവിനല്ല ഞാൻ വന്നിരിക്കുന്നതു്.

കി. മേനോൻ:—(സമാധാനത്തോടെ) ആ ഭയമൊന്നുമില്ല. തല്ക്കാലം കുറച്ചു urgent business ഉണ്ടു്.

അച്യുതമേനോൻ:—ശരി. ഞാൻ വന്ന കാര്യം വേഗം പറയാം. ഇവിടെ ഒരു സാമൂഹ്യക്ഷേമകേന്ദ്രം തുറന്നിട്ടുണ്ടു്. അവിടെ സാറിനു ഒരു ജോലി.........

കി. മേനോൻ.—(സ്നേഹഭാവത്തിൽ) ഇരിക്കൂ; എന്തു ജോലിയാണു്?

അച്യുതമേനോൻ:—ഞങ്ങളവിടെ അച്ചടിവേല, സോപ്പുനിർമ്മാണം, നെയ്ത്തു്, സൈക്കിളിന്റെ ഓരോ ഭാഗങ്ങളുണ്ടാക്കുക മുതലായ കൈവേലകൾ ആരംഭിച്ചിട്ടുണ്ടു്.

കി. മേനോൻ:—(നിരാശയോടെ) ബി. എൽ. പാസ്സായിട്ടു കൊല്ലപ്പണിയെടുക്കാനോ?

അച്യുതമേനോൻ:—അമ്പതോ അറുപതോ രൂപ ശമ്പളത്തിനു ഒരുത്തന്റെ അടിമയായി ജോലി ചെയ്യുന്നതിലും ഭേദമല്ലേ?

കി. മേനോൻ:—എന്നിരുന്നാലും ബി. എൽ കാരൻ കൂലിപ്പണിക്കു പോവുകയോ?

അച്യുതമേനോൻ:—ഈ ദുരഭിമാനം കാരണമാണ് നമ്മുടെ നാട്ടിൽ പഠിപ്പുള്ളവർ പട്ടിണി കിടക്കുന്നത്. ഏതു തൊഴിലിനും ഒരന്തസ്സുണ്ട്.

(പരമുപിള്ള ഒരു സഞ്ചിയിൽ സോപ്പും കയ്യിൽ ഒരു കട്ട സോപ്പുമായി പ്രവേശിക്കുന്നു. കക്ഷത്തിൽ ഒരു വർത്തമാനപത്രവും ഉണ്ട്.)

പരമുപിള്ള:—നല്ല സോപ്പുവേണോ വക്കീൽ സാർ? അലക്കാനും കുളിക്കാനും പററിയതാണ്. നല്ല വാസന! കുറഞ്ഞ വില!!

കി. മേനോൻ:—അല്ലാ! പിള്ള സോപ്പു കച്ചവടക്കാരനായോ?

പരമുപിള്ള:—സോപ്പുകച്ചവടം മാത്രമല്ല. സോപ്പുണ്ടാക്കുന്നതും ഞാൻ തന്നെയാണ്. (അച്യുതമേനോനെ നോക്കിക്കൊണ്ട്) ഇദ്ദേഹത്തിൻെറ കൃപകൊണ്ടു ചിലവിനുള്ള കാശു സമ്പാദിക്കുന്നുണ്ട്. (കടലാസ്സു നിവർത്തിയിട്ട്) നമ്മുടെ മാധവിക്കുഞ്ഞിൻെറ വിശേഷമറിഞ്ഞില്ലേ?

(ഇതുകേട്ടു മീനാക്ഷി പ്രവേശിക്കുന്നു)

മീനാക്ഷി:—(ഉൽക്കണ്ഠയോടെ) പിള്ള മാധവിക്കുട്ടിയെ കണ്ടോ?

പരമുപിള്ള:—ഞാൻ കണ്ടില്ല. അവരെപ്പററി ഇന്നത്തെ പത്രത്തിൽ എഴുതിയിട്ടുണ്ട്.

മീനാക്ഷി:— പത്രത്തിലെന്താണെഴുതിയിരിക്കുന്നതു?

പരമുപിള്ള:—അവരുടെ കല്യാണവാർത്തയിട്ടിട്ടുണ്ട്. തന്നെയുമല്ല അവർ അ. ലോ. സ. പിയിൽനിന്നു രാജി വെച്ചുവത്രേ.

കി. മേനോൻ:—പിന്നെ ഇപ്പോൾ എന്തു ചെയ്യുന്നു?

പരമുപിള്ള:—അവർ സാമൂഹ്യക്ഷേമകേന്ദ്രത്തിലെ പ്രവർത്തകരാകാൻ പോകയാണത്രേ.

അച്ചുതമേനോൻ:—നല്ലകാര്യം. കൂടുതൽ രാഷ്ട്രീയമാണ് കേരളത്തിൻെറ ദുർവ്വിധിക്കു കാരണം. ഇന്നത്തെ രാഷ്ട്രീയ പ്രവർത്തകർ സൃഷ്ടിപരമായ സാമൂഹ്യസേവനത്തിന്നിറങ്ങിയിരുന്നെങ്കിൽ!

കി. മേനോൻ:—അതു ശരിയാണ്. ന്യൂറുകൂട്ടം പാർട്ടികളും മത്സരവും വേണ്ടെന്നു വച്ച് ജനങ്ങൾ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നെങ്കിൽ നമ്മുടെ നാട്ട് പണ്ടേ നന്നാകുമായിരുന്നു.

പരമുപിള്ള:—സാറിനു ഇപ്പോഴെങ്കിലും നല്ല ബുദ്ധി തോന്നിയല്ലൊ! എന്നെ കണ്ടോ? എനിക്കിപ്പോൾ എന്തുത്സാഹമാണെന്നോ? രാവിലെ ഏഴുമണിമുതൽ നോമ്പുണ്ടാകും. ഉച്ചക്കുശേഷം വില്ക്കാനിറങ്ങും. സാറും കൊച്ചമ്മയും ഞങ്ങളുടെ കേന്ദ്രത്തിൽ ചേരണം.

അച്ചുതമേനോൻ:—അതു തന്നെയാണ് നല്ലത്. വല്ലവരുടേയും കീഴിൽ ജോലി ചെയ്യുന്നതിനേക്കാളും മെച്ചം അവനവൻ തന്നാത്താൻ ജോലി ചെയ്യുന്നതാണ്,

കി. മേനോൻ:—എനിക്കൊരു ജോലിയും പരിചയമില്ലല്ലോ?

അച്യുതമേനോൻ:—അതു സാരമില്ല അതിനുള്ള പരിശീലനം തരാൻ കേന്ദ്രത്തിൽ ആളുകളുണ്ടു്.

മീനാക്ഷി:—സ്ത്രീകളെ നിങ്ങളുടെ കേന്ദ്രത്തിലെടുക്കുമോ? എനിക്കു നെയ്ത്തും തയ്യലും വളരെ ഇഷ്ടമാണു്.

അച്യുതമേനോൻ:— കഴിയുന്നത്ര സ്ത്രീകളേയും ചേർക്കാനുദ്ദേശമുണ്ടു്. പക്ഷെ ഇപ്പോഴത്തെ കെട്ടിടത്തിൽ സ്ഥലം പോരാത്തതിനാൽ അല്പം വിഷമമുണ്ടു്. നല്ല ഒരു സ്ഥലം അന്വേഷിക്കുന്നുണ്ടു്.

പരമുപിള്ള:— നമ്മുടെ ഡോക്ടർ താമസിച്ചിരുന്ന വീടു വെറുതെ കിടക്കുകയല്ലേ?

കി. മേനോൻ:—അതു ശരിയാണു്. ഇനി അതു് ഇലക്ഷനും മററും കൊടുക്കാൻ പോകുന്നില്ല. വനിതാവിഭാഗം അതിൽ നടത്താം. അപ്പോൾ മീനാക്ഷിക്കു വളരെ അടുത്താവുകയും ചെയ്യും.

അച്യുതമേനോൻ:—നിങ്ങളുടെ ഈ ഔദാര്യത്തിനു ഞാൻ എപ്പോഴും നന്ദിയുള്ളവനായിരിക്കും.

കി. മേനോൻ:—ഞങ്ങൾ താങ്കളോടാണു് നന്ദി പറയേണ്ടതു്. ഒരു തൊഴിലുമില്ലാതെ നിരാശപ്പെട്ടിരിക്കുമ്പോൾ താങ്കളാണു് ഞങ്ങളെ വെളിച്ചത്തിലേക്കു് നയിച്ചതു്.

അച്ച്യുതമേനോൻ:—ഞാൻ എൻെറ കടമ ചെയ്തു. അത്രേയുള്ളു. ഇവിടെയുള്ള പഠിപ്പുകാർ നാറിനെപ്പോലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായെങ്കിൽ!

മീനാക്ഷി:—എൻെറ കാര്യം മറന്നോ?

അച്ച്യുതമോനാൻ:—സാമൂഹ്യസേവനത്തിൽ ആണെന്നും പെണ്ണെന്നുമുള്ള വ്യത്യാസമില്ല. എല്ലാവരും ഒത്തൊരുമിച്ചു പ്രവത്തിച്ചാൽ മാത്രമേ നാട്ടിൽ പട്ടിണിയും പഞ്ഞവുമില്ലാതാകുകയുള്ളു.

പരമുപിള്ള:—മാധവിക്കുഞ്ഞിനോടും, അദ്ദേഹത്തോടും ഇങ്ങോട്ടു വരാൻ പറയണം.

അച്ച്യുതമേനോൻ.—അതു നല്ലതാണ്. നമുക്കെല്ലാവക്കുംകൂടി ഈ പദ്ധതി നാടാകെ പരത്തണം.

കി. മേനോൻ:—ഇതൊരു പുതിയ ജീവിതം തന്നെയായിരിക്കും. എല്ലാവക്കും ഈ ബുദ്ധി തോന്നട്ടെ. എന്നാൽ പഞ്ഞവും പട്ടിണിയും പമ്പകടക്കും.

മീനാക്ഷി:—അതു തന്നെ. ഇതുവരെ ദുരഭിമാനം കൊണ്ടു് നാം ഇരുട്ടിൽ തപ്പിതടഞ്ഞു നടക്കുകയായിരുന്നു. ഇപ്പോഴാണ് പുതിയ വെളിച്ചം കണ്ടതു്.

ശുഭം.

Printed at Assisi Press, Quilon.

JAWAHAR SMARAKA GRANDHASALA
Reg: No. 3273
KIDARAKKUZHI, VENGANOOR

JAWAHAR SMARAKA GRANDHASALA
Reg: No. 3273
KIDARAKKUZHI, VENGANOOR P.O.

# പുതിയ വെളിച്ചം

സി.പി. ദേവസ്സി

Indic Digital Archive Foundation
gpura.org